# ധ്വനി 2019



## ഗവ : എൽ വി എച്ച് എസ് കടപ്പ

മൈനാഗപ്പള്ളി

കൊല്ലം ജില്ല

കുട്ടികളിൽ മൂല്യങ്ങൾ വളരുന്ന തരത്തിൽ അറിവിന്റെ

വാക്യയാനങ്ങൾ തുറന്നിടുന്ന സ്രോതസ്സാകണം വിദ്യാലയം

ഭാവിയുടെ വാഗ്ദാനങ്ങൾ ആയ കുട്ടികളുടെ സർഗാത്മകത

പരിപോഷിക്കുന്നതിനു നൂതന സാങ്കേതിക വിദ്യ ഫലപ്രദമാണ്

വിജ്ഞാനം വിരൽത്തുമ്പിൽ'എന്ന സ്വപ്നം സാക്ഷാത് കരിക്കുന്നതിനു

ഈ കാലഘട്ടത്തിൽകുട്ടികളുടെ അഭിരുചിതയ്ക്ക്അനുസരിച്ച്

സ്കൂളുകൾ മാറിയിരിക്കുന്നു എൽ വി ച് എസ് ലെ എക്കാലത്തെയും

അറിവിന്റെ നിറകുടങ്ങളായി പരിലസിക്കുവാൻ പര്യാപ്തമായ

എൽ പി വിഭാഗം മുതൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള

കൊച്ചുകുരുന്നുകളുടെ സർഗാത്മകത ധ്വനി എക്കാലത്തും

മുഴങ്ങട്ടെ ..........................................

**ഉള്ളടക്കം**

കുട്ടികളിൽ മൂല്യങ്ങൾ വളരുന്ന തരത്തിൽ അറിവിന്റെ....2
വാക്യയാനങ്ങൾ തുറന്നിടുന്ന സ്രോതസ്സാകണം വിദ്യാലയം....2
ഭാവിയുടെ വാക്ദാനങ്ങൾ ആയ കുട്ടികളുടെ സാഗാധ്യക....2
പരിപോഷിക്കുന്നതിനു നൂതന സാങ്കേതിക വിദ്യ ഫലപ്രദമാണ്....2
....2
വിജ്ഞാനം വിരൽത്തുമ്പിൽ'എന്ന സ്വപ്നം സാക്ഷാത്....2
....2
ഈ കാലഘട്ടത്തിൽകുട്ടികളുടെ അഭിരുകചിതയ്ക്ക്അനുസരിച്ച....2
....2
സ്കൂളുകൾ മാറിയിരിക്കുന്നു എൽ വി ച് എസ് ലെ എക്കാലത്തെയും....2
അറിവിന്റെ നിറകുടങ്ങളായി പരിലസിക്കുവാൻ പര്യാപ്തമായ....2
എൽ പി വിഭാഗം മുതൽ ഹൈസ്കൂൾ വിഭാഗം വരെയുള്ള....2
കൊച്ചുകുരുന്നുകളുടെ സർഗാധമാക ധ്വനി എക്കാലത്തും....2
മുഴങ്ങട്ടെ ....2
ശബരിമല....5
ജീവിതമഴ തോഴാമഴയായി....7
ആർദ്ര സോമൻ....7
എത്ര ദയനീയം ....10
വിനീത എസ് (X)....10
എന്റെ അച്ഛൻ....12
നവകേരളം പുനർസൃഷ്ടിക്കായി....13
....19
പ്രമുഖ സാഹിത്യകാരന്മാരുടെ തൂലികാനാമവും യഥാർത്ഥ പേരും....19
നമുക്കുണരാം ഒന്നായി....21
കേരളവും കേരളജനതയും....22
ഒരു കുരുന്നിൻറെ സംശയം....23
മാറിടം മാറിടം പ്രകാശമായി....25
കേരളത്തിലെ നദികൾ....27
ഹർഷാന(VI)
ഇത്തിക്കര,കല്ലട,അച്ചൻകോവിൽ,പമ്പ,മണിമല,മീനച്ചിൽ,മൂവാറ്റുപുഴ,പെരിയാർ,ചാലക്കുടി ,കരുവന്നൂ,കീച്ചേരി, ഭാരതപ്പുഴ,തിരൂർ,കടലുണ്ടി ,ചാലിയാൽ കല്ലായി കോരപ്പുഴ,കുറ്റിട്ടയാടി , തലശ്ശേരി , അഞ്ചരക്കണ്ടി, വളപട്ടണം , കുപ്പം, രാമപുരം, കവ്വായി, നീലേശ്വരം , ചന്ദ്രഗിരി, മൊഗ്രാൽ , പെരുവമ്പ , ഷിറിയ,ഉപ്പള,മഞ്ചേശ്വരം,ചിതറി ,മയ്യഴി,പാഴ്‌വഴിക്കൽപുഴ , അഴിയൂർ പള്ളിക്കൽ,മാമം കബനി , ഭവാനി, പാമ്പാർ , നെയ്യാർ ,കരമന,വാമനപുരം....27
പ്രളയാനന്തരം....28

നവകേരളം....29
ഞാൻ ഒരു അധ്യാപകനായാൽ....31
ये दिन याद रखें....32
അല്ലയോ ഭൂമീ ....33
ഞാൻ ഒഴുകിയിരുന്ന വഴികൾ....35
എന്നും ഓർക്കുന്ന ഞാൻ....36
നൂതനം....37
പ്രളയസമ്മാനം....38
എന്റെ പുണ്യകേരളം....40
നേരറിയാതെ....41
മഹാത്മാ ഗാന്ധിയെക്കുറിച്ചുള്ള....42
എന്റെ ഓർമ ....42
എന്നും ഓർക്കുന്ന ഞാൻ....44
അല്ലയോ ഭൂമി ....45
കൃഷി ചൊല്ലുകൾ....47
ഒരു കുരുന്നിൻറെ സംശയം....48
COMMON ERRORS IN ENGLISH....50
CONFUSING WORDS....51
സംഖ്യകളുടെ പിരമിഡ്....52
സംഖ്യകളുടെ പിരമിഡ്....53
Ramanujan....54

# ശബരിമല

**ഭദ്ര എ .ആർ**

ശബരിമല എലിപോലെയുള്ള
വിഷയം മലപോലെയുള്ള ജനം
ഇതാണോ ഇന്നത്തെ വിഷയം ?
ഇതൊരു വിഷയമാണോ ?
ശരണം വിളികളും സമാധാനവും
നിലച്ചു . പോർവിളികളും ആർപ്പുവിളികളുമയ്
ശബരിമല മാറുന്നു
ഇത് ആരാധനാലയമോ
അതോ കുരിതികളമോ
മനുഷ്യന്റെ പേയ്ക്കൂത്തുകൾ
സഹിക്കാൻ കഴിയാതെ ശബരിമല അയ്യൻ
കണ്ണിമകൾ പൂട്ടി കാതുകൾ പൊത്തി
നിശബ്ദനായി ഇരിക്കുകയാണ് .
വറുതികൾ , കൊടുതികൾ , അലമുറകൾ
കാണാതെ മനുഷ്യൻ എന്തിനു
ഈ ചെറിയ പ്രശ്നത്തെ
ഊതിവീർപ്പിക്കുന്നു ?
ശബരിമല വിഷയത്തിൽ



മനുഷ്യൻ കാണിക്കുന്ന
ഉത്സാഹം അതിര് വിടുന്നു
എന്നു മനസ്സിലാക്കു നീ
ശബരിമലയിലെ എല്ലാം
ചിട്ടവട്ടങ്ങളും ലംഗിച്ച് ഇന്ന്
നീ അതൊരു ഷോപ്പിങ്
മാളു പൊലയാക്കിയില്ലേ ?
പ്രാധാന്യം കൊടുക്കേണ്ടതിൽനിന്നും
ഒഴിഞ്ഞുമാറി എന്തിനു ഇത്ര
ക്രൂരനാകുന്നു . മനുഷ്യാ ഇത്
അവസാനിപ്പിക്കു .
ശബരിമലയിലെ ശാന്തി തിരികെ
കൊണ്ടുവന്ന് അതൊരു ക്ഷേത്രമാക്കി
മാറ്റുവാൻ നീ ഒപ്പമുണ്ടാകണം
മനുഷ്യാ ..... നീ ഒപ്പമുണ്ടാകണം

# ജീവിതമഴ തോരാമഴയായി

**ആർദ്ര സോമൻ**



തോരാമഴ പെയ്തുകൊണ്ടിരിക്കുന്നു .ആ ദിവസം ഉണ്ണിയുടെ 'അമ്മ ഇപ്പോഴും ഓർക്കുകയാണ് .പ്രഭാത സൂര്യന്റെ രശ്മികൾ ജനൽപാളികളിലൂടെ ഉണ്ണിയുടെ മുഖത്തേക്ക്  വന്നു പതിച്ചു .കുഞ്ഞിക്കണ്ണുകൾ മുട്ടയിൽ നിന്ന് വിരിഞ്ഞുവന്ന കോഴികുഞ്ഞിന്റെ കണ്ണ് ഇുറക്കും പോലെ ഇുറക്കുന്നു .ഇന്ന് അമ്മ തന്നെ വിളിക്കാൻ വന്നില്ലല്ലോ എന്ന്
അവന്ടെ മനസ്സിലേക്ക്  ഓടി വന്നു എന്നും തന്റെ അമ്മയെ കണികണ്ടുണരണമെന്ന നിർബന്ധം ഉണ്ണിക്കുണ്ടായിരുന്നു .അപ്പോഴതാ 'അമ്മ മുറിക്കു പുറത്തുനിന്നു വിളിച്ചു പറയുന്നു ."ഉണ്ണീ  എണീക്ക് ഇന്നത്തെ ദിവസത്തിന്റെ പ്രധാന്യം നിനക്കറിയില്ലേ ഇന്ന് നിന്റെ പിറന്നാളാണ് അതുകൊണ്ടു നീ ആദ്യം കാണണ്ടത് നിന്റെ അച്ഛനെയാണ് ".കുറച്ചു നേരം ഉണ്ണി ഒന്നും മിണ്ടിയില്ല കാരണം അവന്റെ അച്ഛൻ വളരെ മുൻപു തന്നെ മരിച്ചു പോയിരുന്നു അതുകൊണ്ടു എന്ത് വിശേഷം ആദ്യം അവൻ തന്റെ അച്ഛന്റെ ചുവരിൽ ഇുക്കിയ ചിത്രം കണ്ടാണ് ദിവസം ഇുടരുന്നത് .അച്ഛന്റെ കുറവറിയിക്കാതെ വളർത്തിയ അമ്മയെ അവനു എന്തു ഇഷ്ടമായിരുന്നുവെന്നോ .ഇന്ന് തന്റെ പിറന്നാളാണ് എന്ന് ഓർത്തപ്പോൾ അവൻ വളരെ അധികം സന്തോഷവാനായി .'അമ്മ അവന്റെ എടുത്തു ക്ഷേത്രത്തിൽ പോകാം എന്ന് പറയുന്നതിന് മുൻപ് തന്നെ അവൻ തയാറായി .കുളിച്ചു കുറിതൊട്ട് അച്ഛന്റെ  മുണ്ടും ഷർട്ടും ധരിച്ചു അവൻ തന്റെ അമ്മയുടൊപ്പം ക്ഷേത്രത്തിലേക്കു പോയി .ഉണ്ണിയുടെ പ്രകൃതം കണ്ടാൽ വളരെ കൊച്ചുകുട്ടിയാണെന്നേ തോന്നു എന്നാൽ അവനിപ്പോൾ പ്ലസ്ടുവിന് റിസൾട്ടിനായി കാത്തിരിക്കുകയാണ് . നാളെ അവന്റെ പരീക്ഷാഫലം വരും . പരീക്ഷ ഓരോന്നും എഴുതാൻ പോകുമ്പോഴും അവന്റെ 'അമ്മ പറയും "ഉണ്ണി നിന്റെ അച്ഛനെ മനസിൽ വിചാരിക്കും പഠിച്ചതൊന്നും മറന്നുപോകില്ല " . ക്ഷേത്രത്തിലേക്ക് പോയപ്പോൾ ഉണ്ണി തന്റെ അമ്മയോട് ചോദിച്ചു : "അമ്മെ , ഞാൻ ജയിക്കുമോ എനിക്ക് പേടിയാവുന്നു " :ഉണ്ണി ,നീ നിന്റെ ആത്മവിശ്വാസത്തെ കൈവിടരുത്  ന്റെ ഉണ്ണി തളരരുത് നീ ജയിക്കും ."ക്ഷേത്രത്തിലെത്തി കണ്ണനെ പ്രതിക്കുമ്പോൾ ഉണ്ണിയുടെ മനസിൽ തൻ വിജയിക്കുമോ വിജയിച്ചാൽ തന്റെ അമ്മക്ക് എത്രമാത്രം സന്തോഷമാകും എന്ന ചിന്തയേയുള്ളു.

ആ ചിന്ത അടുത്ത ദിനാരംഭത്തെ മുഖരിതമാക്കിയായിരുന്നു തോന്നും വിധം ഭാസ്കരൻ മാഷ് വരുന്നു . "സുഭദ്രേ , ഉണ്ണിയെന്തേ അവൻ ഒന്നാംക്ലാസ്സോടുകൂടി വിജയിച്ചിരിക്കുന്നു , ഉസ്കൂളിൽ ഒന്നാം

സ്ഥാനമാണ് ." 'അതെയോ, അവൻ ഇന്നലെ മുതലേ വളരെ പേടിച്ചിരിക്കുവായിരുന്ന നിക്കറിയാം ന്റെ ഉണ്ണി വിജയിക്കുമെന്ന് ". 'അമ്മ അവനെ സന്തോഷാശ്രുക്കൾ പൊഴിച്ച് വിളിച്ചുണർത്തി കാരം പറഞ്ഞു . അവൻ തന്റെ അമ്മയെ സന്തോഷത്തിന് ഭാഗമെന്നപോലെ കെട്ടിപിടിച്ചുകരഞ്ഞു . തന്റെ അച്ഛന്റെ അടുത്ത് കാര്യം പറയാനായി ഓടിയണഞ്ഞു . പിന്നെ ആ വീട് സന്തോഷത്താൽ അലതല്ലി . 'അമ്മ അയലത്തെ വീട്ടുകളിലും നാട്ടിലും മധുരം കൈമാറി . അച്ഛനില്ലാതെ കുട്ടിയെ അതും ഒരാണ്കുട്ടിയെ ഭാന്ധുജനങ്ങൾ പോലും തുണയില്ലാതെ അവൾക്കു ആ കുട്ടിയെ എങ്ങനെ വളർത്തും മിക്കവാറും ആ പയ്യൻ വഴിതെറ്റി പോകുമെന്നായിരുന്നു എല്ലാവരം പറഞ്ഞിരുന്നത് . എന്നാൽ ആ വാചകങ്ങൾ തിരുത്തികുറിച്ചു ആ അമ്മയുടെയും മകന്റെയും ജീവിതം അടുത്ത നിമിഷം വാചകങ്ങൾ സത്യം ആകും എന്നവിധം അടുത്ത ജീവ്താഘട്ടം തുടങ്ങുകയായിരുന്നു . ആ ജീവിതം കനാലിന്റെ ചൂട് പകർന്ന വഴികളിലൂടെയായിരുന്നു .

ഉണ്ണിക്കു ഒരു എഞ്ചിനീയർ ആകാനായിരുന്നു മോഹം . ആ മോഹത്തിനുവേണ്ടി അവന്റെ അമ്മക്ക് ഒരു ചെറിയ തുകപോലും വലുതായിരുന്നു . എന്നാൽ അവന്റെ മാർക്ക് കണ്ടിട്ടുപോലും അവനു ഒരു കോളേജിലും അഡ്മിഷൻ കിട്ടിയില്ല ഇന്നത്തെ കാലത്തിന്റെ കപാതയ്ക്കിടയിൽ അവന്റെ എത്രയോ അവസരങ്ങൾ ഓരോ കോളേജിന്റെയും പടിവാതിൽക്കൽ 'ഉപേഷിക്കേണ്ടിവരുമെന്നായപ്പോൾ 'അമ്മ തന്റെ മകനെ സ്നേഹിക്കുന്നതിന്റെ അവൻ പേടിച്ചുയരണമെന്ന ആഗ്രഹിത്തിന്റെ തെളിവെന്നവിധം 'അമ്മ തന്റെ കൈകളിലെ വളകളെ ആശ്രയിച്ചുപോയി . അങ്ങനെ പുതിയ ജീവിതം ആരംഭിക്കേണ്ട ഉണ്ണിക്കു 'അമ്മ യാതൊരുവിധ കഷ്ടപ്പാടുകളും വരുത്താതെ എല്ലാകുട്ടികളെപോലെയും അവനെ വളർത്താൻ കഴിയില്ല എന്നറിഞ്ഞിട്ടും 'അമ്മ അവനു എല്ലാ വസ്തുക്കളും വാങ്ങിച്ചുകൊടുത്തു . ഏറ്റവും നല്ല കല്ലജ് പട്ടണത്തിലായതുകൊണ്ടു , അവിടെനിന്നു പടിക്കണമായിരുന്നു . വളരെ യാത്ര ചെയ്യാൻ ഉണ്ണിയെകൊണ്ട് കഴിയില്ല എന്ന് അമ്മക്ക് അറിയാമായിരുന്നു . അങ്ങനെ ആ ദിവസം വന്നെത്തി എന്ന് ഉണ്ണിക്കു പുറപ്പെടണം . അമ്മയെ വിട്ടുപോകാൻ അവനു ഒട്ടും തന്നെ താല്പര്യം ഇല്ലായിരുന്നു . എങ്കിലും അവനു അമ്മയുടെ നിർബന്ധത്താൽ പോയി . കൂടെ മാഷും ഉണ്ടായിരുന്നു

പുതിയ ലോകമല്ല ഗ്രാമത്തിന്റെ ഹൃദയത്തിൽ വസിച്ച ഉണ്ണിയെ ആകർഷിക്കും വിധമുള്ള ഒരുപാടു കാര്യങ്ങൾ അവിടെയുണ്ടായിരുന്നു . വലിയ വലിയ കെട്ടിടങ്ങൾ ഉണ്ണിയുടെ വേഷത്തിൽ നിന്നും തികച്ചും വത്യസ്തമായ രീതിയിൽ വസ്ത്രം ധരിക്കുന്നവർ തലമുടിയാണെങ്കിൽ എന്തക്കയോ കസർത്തുകൾ കാണിച്ചുവച്ചിരിക്കുന്നു . ഏതൊക്കെ അവനു പുതിയതായിരുന്നു . ഈ പുതുമ അവന്റെ ആ കൊമ്പുലോകത്തെ ആകർഷിക്കുംവിധമായിരുന്നു .എന്നാൽ അവന്റെ 'അമ്മ തന്റെ ജീവിതം നഷ്ടപെട്ടതുപോലെ തുണിയില്ലാതെ വീട്ടിൽ ഒറ്റക്കായിരുന്നു . അപ്പോഴും മഴ ആർത്തുലഞ്ഞു പേഴുന്നുണ്ടായിരുന്നു .

ഉണ്ണി തന്റെ അമ്മയെ എല്ലാ ദിവസവും ക്രിയത്യം ആറ് മണിക്ക് വിളിക്കുമായിരുന്നു . ഹോസ്റ്റലിൽ അതിനുള്ള സംവിധാനം ഉണ്ടായിരുന്നു . പിന്നെ പിന്നെ ആ വിളി കുറച്ചുകൂടി താമസിച്ചായി പിന്നെയതു വല്ലപ്പോഴുമായി പിന്നെയില്ലാതായി . ഒരു വേട്ടൻ വിളിച്ചിട്ടു പറഞ്ഞു "അമ്മെ , എനിക്ക് പുതിയ ഒരു മൊബൈൽ ഫോൺ വേണം അതും ഇപ്പോള്തന്നെ " ആ 'അമ്മ തന്റെ ഉണ്ണിക്കായി ഇതുവരെ ചിലവഹിച്ചതൊന്നുമോർക്കത്തെ ആവണം ബാക്കിയായ തളിമലയിൽ ആശ്രയം പ്രാപിച്ചു . എങ്ങനെ ഉണ്ണിക്കു പണത്തിന്റെ അല്ലല്ലോ ഒന്നും ചിന്തിക്കേണ്ടതായി വന്നില്ല . എന്നും ആവശ്യങ്ങൾ മാത്രം . തന്റെ ഉണ്ണി എത്രയും മാറി പോയത് എപ്പോഴെന്നു പോലും ആ അമ്മക്ക് അറിയില്ല . വീട്ടിലേക്കുള്ള വരക്കവും കുറഞ്ഞു . അങ്ങനെ കോളേജിൽ നിന്ന് ഒരു വിളി വരുന്നു ഉണ്ണി ഒരു മാസമായി കോളേജിൽ വന്നിട്ട് . 'അമ്മ മാഷിനേയും കൂട്ടി നെഞ്ചുരുകി ആ വേഷംപോലും മാറാതെ ഓടി ചെന്നു . ആ 'അമ്മ കണ്ട കാഴ്ച ഏതൊരു മ്മയുടേയും ഹൃദയം തകരുന്നതായിരുന്നു . ഉണ്ണിയുടെ കൈയിൽ വിലങ്ങും അണിയിച്ചു പോലീസ്

വണ്ടിയിലേക്ക് കയറ്റുന്നു . 'അമ്മ വണ്ടിയുടെ  പുറകിൽ കരഞ്ഞുകൊണ്ട് ഓടി "ഉണ്ണി , ഉണ്ണി ന്റെ മോൻ ഏതാ ചെയ്തത് " 'അമ്മ കരഞ്ഞു തളർന്നു . ആ കണ്ണീരിൽ നിന്നും ഒഴുകിയത് ചുടുരക്തമായിരുന്നു . മാഷ് ആരോടെക്കെയോ അന്വേഷിച്ചു അപ്പോൾ അറിഞ്ഞത് ഉണ്ണി മയക്കുമരുന്ന് റാക്കറ്റിലെ ഒരാളായിമാറി . ഇതറിഞ്ഞപ്പോൾ അമ്മയുടെ അവസ്ഥ ഭ്രാന്തമായിരുന്നു അവരെ ആശുപത്രിയിലേക്കു കൊണ്ടുപോയി . തന്റെ മകൻ എങ്ങനെ ഇങ്ങനെ ആയി എന്ന ചോദ്യ ആ മഴയിലും അവർ ഉന്നയിച്ചു .തന്റെ മകനെ ആരോ ചാടിച്ചുവെന്ന വാക്കുകൾ ആസ്പത്രി വരാന്തയിൽ മുഴുകിയിരിക്കുന്നു . മഴ തകർത്തു പെഴന്നു തുടങ്ങി . ഇടിവെട്ടി ശക്തമായി അമ്മയുടെ ചിന്തകൾ കഴിഞ്ഞകാല ജീവിതത്തിലെക്കു ഒന്ന് കണ്ണോടിച്ചു . ഈ നിമിഷത്തെ വരെ അവർ ആ ചിന്തയിൽ നിന്നും  വരാൻ വരാത്ത വിധത്തിൽ ആയി തീർന്നു . ചാറ്റൽ മഴ തീരുന്നില്ല . ആ ചാറ്റൽ മഴ അമ്മയുടെ രക്തമായി പ്രതീക്ഷയായി , അദ്വാനത്തിന്റെ കങ്ങള് പോലെഒഴുകി .

# എത്ര ദയനീയം ........

**വിനീത എസ് (X)**




മലയാളനാടിന്റെ മലയാളപുതുമണം
നിറയെപ്പറക്കുന്ന പലവീഥികൾ
സൂര്യനും ചന്ദ്രനും താരകക്കൂട്ടവും ഒന്നായി
വന്നു പോകുന്നേയിടം
അന്നൊരു സുപ്രഭാതം പുലർന്നു
പിന്നെ ഓരോ ദിനങ്ങളും ദുഃഖഭാരം
സൂര്യകോടി പ്രഭ കർന്നുകൊണ്ടേ പൂർവ്വദിക്കിലായി
നീളുന്ന കാർമേഘവും
നിമിഷങ്ങൾ പോലുമത് അണവിടമാറാതെ
കൊട്ടിഘോഷിച്ചിട്ടും പേമാരിയായി
ഓരോദിനത്തിലും പ്രതീക്ഷകൾ കൈക്കൊണ്ടു
സൂര്യന്റെ രശ്മിയാൽ കൺകൾ ഒപ്പാൻ
മലയാള മണ്ണിലായ് താണ്ഡവമാടിട്ടും
ജലദേവതയ്ക്കെന്തേ കനിവില്ലയോ ?
കണ്ടില്ല ആ വഴി തെന്നലും വെട്ടലും വെള്ളിലാ
ചന്ദ്രനും ഉഡുപക്തിയും
ചിരിചിതറിയും പതഞ്ഞൊഴുകിയും നീളുന്ന
അരുവികൾ നദിയായി ,നദികളോ കടലായ്
നാടാകെ വെള്ളത്തിലാഴ്ന്നു പോയി
കൂടെയുണ്ടായിരുന്നെന്നമേ നാടിതാ കേരളനാടിനൊരു
കൈത്താങ്ങുമായി മലയാളിമനസ്സുകൾ
ഒന്നിച്ചു കൈകോർത്തു .പ്രളയത്തിൽ നിന്ന്
ഉയർന്ന്പൊങ്ങാൻ
വീടുകൾ,കാടുകൾ ,ജലാശയഉറവകൾ,കേരളമണ്ണെങ്ങും
ജലസന്ദർശനം.
നാടിന്റെ മാറിലായി കൈത്താങ്ങുമായിതേ
ക്യാമ്പുകളൊന്നായ് തുടക്കമിട്ടു
ഭൂമിയിൽ കാലൊന്നുകുത്താൻ കൊതിച്ചിട്ടും
നീന്തിയതെത്രയാ കരകയറുവാൻ
കാർമേഘമോരോന്നും കുത്തിത്തുളച്ചിതെ
സൂര്യന്റെ കിരണങ്ങൾ ഭൂമിയിൽ തൊട്ടിതാ
എങ്ങും നശിപ്പായി ,നാറ്റം തുളുമ്പുന്നു മണ്ണിതായിമാറി

പച്ചപ്പുമാഞ്ഞു മരവിച്ച കാട്ടുകൾ
പലതായി പിരിഞ്ഞുപോയി പുഴകളൊക്കെ
നദിതന്റെ ചെരുവുകൾ സ്വന്തമാക്കിയ മനുഷ്യരേ
നദി വന്നിതേ കര കവർന്നെടുത്തു

# എന്റെ അച്ഛൻ

(ഫർഹാന .എ )





ബാല്യത്തിലെന്നെ പിച്ച നടപ്പിച്ച
ബാല്യ സുഹൃത്താണ് അച്ഛൻ
ആദ്യാക്ഷരങ്ങൾ ചൊല്ലിപഠിപ്പിച്ച
ആദ്യ ഗുരുവാണ് അച്ഛൻ
സ്നേഹത്തിലെന്ന സ്നേഹം പഠിപ്പിച്ച
സ്നേഹ സ്വരൂപമാണെഅച്ഛൻ
ആത്മാർത്ഥത്തിൽ വിശ്വാസം പുലർത്തുന്ന
വിശ്വസ്വരൂപമാണ് അച്ഛൻ

കണ്ണീരിലെന്നെ സന്തോഷം പകർത്തിയ
സാന്ത്വന സ്നേഹമാണ് അച്ഛൻ
സന്തോഷത്തിൽ കൈപിടിച്ചുയർത്തിയ
കെടാവിളക്കാണെൻ അച്ഛൻ
സ്നേഹം തരാൻ അച്ഛനല്ലാതെ
ആരുമില്ലെന്റെ സ്വന്തം അച്ഛൻ
എന്റെ മാത്രം അച്ഛൻ ....................
(എന്റെ അച്ഛൻ )

# നവകേരളം പുനർസൃഷ്ടിക്കായി



ദേവിക എസ



എന്ന് നമ്മുടെ കേരളത്തിലെ 62 ആം കേരളപിറവി കൊണ്ടാടുന്ന നമ്മുടെ ജന്മ ഭൂമിയായ കേരളം സ്വാതന്ത്ര്യമായിരിക്കുന്നു . പക്ഷെ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് നമ്മുടെ കേരളത്തിലെ വൻ ദുരന്തം . അത് പ്രളയമാണ് . എല്ലാവരും ആ പ്രളയത്തെ മറികടന്നു ജീവിക്കുകയാണ് ജാതി മത വേർതിരിവില്ലാതെ എല്ലാവരും ഒറ്റകെട്ടായി ജീവിക്കുകയാണ്. ഇപ്പോഴും ചുരുക്കം ആളുകൾ മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ . പാവപ്പെട്ടവനും സംമ്പന്നനും എന്ന വേർതിരിവ് കാണിക്കാതെ പ്രകൃതി എല്ലാവരെയും കൊന്നുകളഞ്ഞു . പക്ഷെ അതിനെ മറികടന്ന അനേകം ആളുകൾ ഇപ്പോഴും ഈ ഭൂമിയിൽ ഉണ്ട് .

നമ്മുടെ കേരളനാട് ആ വൻ ദുരന്തത്തെ മറികടന്നു . അതിൽ നമ്മുടെ കേരളനാടിനു അഭിമാനിക്കാം . ഈ പ്രകൃതി കോപിതരായതിനു കാരണം മനുഷ്യൻ തന്നെയാണ് . കാരണം മനുഷ്യൻ ചെയ്യുന്ന പ്രവൃത്ത്തികൾ പ്രകൃതിക്കു ഇഷ്ടപ്പെടുന്നില്ല . ഈ ദുരന്തം അതിന് നിമിത്തമായി എന്നേയുള്ളൂ . നമ്മുടെ ഭൂമി അമ്മയാണ് . ആ അമ്മയെ നാം സംരക്ഷിക്കുകയും , സ്നേഹിക്കുകയും വേണം . നമ്മുടെ നാടിനു ആപത്തുവരുന്നത് ഒന്നും നാം ചെയ്യരുത് . അപ്പോൾ എല്ലാവരും ഈ പ്രളയത്തെ ഓർക്കുക . ഇനി നാം ജീവിക്കേണ്ടത് നമ്മുടെ നാടിനു വേണ്ടിയാണ് . എല്ലാ മനുഷ്യരും പിറന്നു വീഴുന്നത് നമ്മുടെ കേരള മണ്ണിലാണ് . വലിയവനെന്നോ , ചെറിയവനെന്നോ വേർതിരിവില്ലാതെയാണ് ഓരോ മനുഷ്യനും പിറക്കുന്നത് . പിറന്നതിനു ശേഷം അവരുടെ കർമ്മം പോലെയിരിക്കും അവരുടെ ജീവിതം . നാം ഇപ്പോഴും തിളങ്ങുന്ന ഒരു നക്ഷത്രമാണ് . അതിനെ ഇല്ലാതാക്കുന്നതും മനുഷ്യരാണ് . അതുകൊണ്ടു നാം ഏതു മണ്ണിലാണോ പിറന്നത് ആ മണ്ണിനോട് നാം കരുണയും ദയയും കാണിക്കണം . പിറന്ന മണ്ണാണെന്നു നാം ഇപ്പോഴും ഓർക്കണം . അതിന്റെ പുനർസൃഷ്ടിക്കായി നാം എല്ലാം വിസ്മരിക്കണം . നമ്മുടെ കടമ നാം നിറവേറ്റണം . ജന്മനാടിന്റെ മഹത്വത്തെക്കുറിച്ചു നമ്മൾ ഏവരും ഒരുമയോടെജീവിക്കണം . നമ്മുടെ കേരളത്തെ പഴയ കേരളമായി നാംസൃഷ്ടിക്കണം നമ്മുടെ നാട് ഒരു സ്വർഗ്ഗമാണു .ജീവന്റെ തുടിപ്പുകൾ ഈ നാട്ടിലാണ് ഉള്ളത്. നമ്മൾ ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ കാരണം കേരളം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ് . കള്ളന്മാരും, കൊള്ളക്കാരും,കൊലപാതികളും എല്ലാം വസിക്കുന്നത് ഈ നാട്ടിലാണ് . ഇതുവരെ നിങ്ങൾ പ്രകൃതിയെ നശിപ്പിക്കുകയായിരുന്നു ഇനി നിങ്ങൾ ചെയേണ്ടത് എല്ലാവരുമെല്ലാവർക്കും പറ്റുന്നവിധം പഴയ

കേരളത്തെ തിരിച്ചു കൊണ്ടുവരിക . നമ്മുടെ ഭൂമിയായ അമ്മയെ തിരിച്ചുകൊണ്ടുവരിക . നമ്മൾക്ക് പറ്റുന്നവിധം നാം കഴിവതും അതിനു പരിശ്രമിക്കണം . പുഞ്ചിരിക്കുന്ന നമ്മുടെ നവകേരളത്തെ നമുക്ക് പഴയതുപോലെ നമുക്ക് വീണ്ടും പുനർസൃഷ്ടിക്കാം . പുനർസൃഷ്ടിക്കായി എല്ലാവരും ഐക്യത്തോടെയും , സന്തോഷത്തോടെയും,സ്നേഹത്തോടെയും ഇരിക്കണം . നാം ജനിച്ചിട്ട് മണ്ണിൽ വീഴ്ന്നുന്നിടം മുതൽ തിരിച്ചു മണ്ണിൽ മൂടുന്നിടം വരെ നമുക്ക് ചെയ്യുണ്ട കർത്തവ്യങ്ങൾ നാം നിർവഹിക്കുക. നമ്മുടെ കേരളത്തെ മാറിലേക്ക് അണിയിച്ചു കൊണ്ടുവരുക . പ്രളയമായി വന്ന കണ്ണീർ മഴയെ തിരിച്ചു പുഞ്ചിരിയുടെ സ്ഥാനത്തു തിരിച്ചു കൊണ്ട് വരുക . അതാണ് നാം ചെയ്യുണ്ട കാര്യം . നമ്മുടെ കേരളം നാട്ടിൽ പിറന്നവരുടെ കണ്ണീർ തുടക്കാൻ സമയമായി . നാടിന്റെ നന്മക്കായി ഇത്തിരി സന്തോഷം  കൊണ്ടുവരു . ഈ ദുരന്തം എല്ലാവരുടേയും മനസില്നിന്നു ഒരിക്കലും മാറാത്തതാവട്ടെ .അതിനെല്ലാവര് കൈ കോർക്കുക.

ഉപസംഹാരം: പ്രളയം മറികടക്കാൻ വേണ്ടി നവകേരളം പുനർസൃഷ്ടിക്കു. 2018 ഈ പ്രളയം എല്ലാവരുടേയും മനസിൽ മായാത്ത ഒരു ഓര്മയാകട്ടെ . ഈ സമയം എല്ലാവര് കൈ കൊടുത്തു ഒറ്റ കെട്ടായി നാടിനെ സംരക്ഷിക്കണം . ഒത്തിരിനന്മക്കായി ഇത്തിരി പുഞ്ചിരിക്ക് . എല്ലാവരും നല്ല മനുഷ്യരായി ജീവിക്കു . ഇതിനുവേണ്ടി  പ്രതിജ്ഞ എടുക്കു . ഞാൻ എന്റെ നാടിനെ സംരക്ഷിക്കും . സത്യം ........സത്യം.....സത്യം........

# എന്റെ കേരളം

അർച്ചന (III)

കേരളം ഇത് കേരളം
ഇത് എന്റെ കേരളം
(2 )
ശുചിത്വമായ കേരളം
ഇത് ശുചിത്വകേരളമെ
{കേരളം
ഇത് (2 )
കേരളം }
ഓരോ വ്യക്തിയുടെ പിറവിപോലെയാണ്
ഈ കേരള പിറവിയെ
(2 )
{കേരളം ഇത് കേരളം }
(2 )
സുന്ദരം ഇത് സുന്ദരം
എന്റെ കേരളം സുന്ദരം
(2 )
{കേരളം ഇത് കേരളം }
(2 )

# ഗണിതക്വിസ്

കണക്കുട്ടനായി ഉപയോഗിക്കുന്ന ഏറ്റവും പുരാതനമായ ഉപകരണം അർച്ചന .എ (lll B)

അബാക്കസ്

പൂജ്യം കണ്ടുപിടിച്ചത് ഏതു രാജ്യക്കാരാണ്

ഭാരതീയർ

നെഗറ്റീവ് സംഖ്യകൾ കണ്ടുപിടിച്ചത് ഏതു രാജ്യക്കാരാണ്

ഇന്ത്യക്കാർ

രാമാനുജൻ സംഖ്യ ഏതാണ്

1729

പൂജ്യമില്ലാത്ത സംഖ്യാസമ്പ്രദായം ഏതാണ്

റോമാൻ

കാൽക്കലേറ്റിങ് മെഷീൻ കൊണ്ടുപിടിച്ചത് ആരാണ്

ബ്ലെയ്സ് പാസ്കൽ

നീളം ആളാകുന്നതിനുള്ള അടിസ്ഥനം ഏകകം ഏത്

മീറ്റർ

ദശാംശബിന്ദുകണ്ടുപിടിച്ചത് ആരാണ്

ജോൺ നേപ്പിയർ

ഒരുകോടിയിൽ എത്ര ആയിരങ്ങൾ ഉണ്ട്

10 .000

ഒരു സ്കോർ എത്രയാണ്

ഇരുപത്

ശാസ്ത്രങ്ങളുടെ റാണി എന്നറിയപ്പെടുന്നത് ഏത് ?

ഗണിതശാസ്ത്രം

ആധുനികഭാരതത്തിലെ ഏറ്റവും പ്രശസ്തനായ ഗണിതശാസ്ത്രജ്ഞൻ ആര് ?

ശ്രീ നിവാസരാമാനുജൻ

ഗ്രഹങ്ങളെയും രസങ്ങളെയും സൂജിപ്പിക്കുന്ന സംഖ്യ ഏതാണ്

ഒമ്പത്

ഹാരകമായി ഉപയോഗിക്കാൻ സാധിക്കാത്ത സംഖ്യ ഏത് ?

പൂജ്യം

# ദുരന്തം

ആർച്ച

പ്രളയം എന്ന വലിയ ദുരന്തം കേരളീയരുടെ ജീവിതത്തിൽ ആക്കെ മാറ്റങ്ങളുണ്ടാക്കിയ ഒന്നാണ് .പക്ഷേ നമ്മളിൽ പലരും അത് കണ്ടും , അനുഭവിച്ചറിഞ്ഞിട്ടുണ്ടാവാം ,പ്രളയമെന്ന സർപ്പം നമ്മുടെ കൊച്ചുകേരളത്തെ വിഴുങ്ങുമെന്നു പോലും നം ഭയപ്പെട്ടിരുന്നു  കേരളം എന്നൊരു സംസ്ഥാനം ഈ ഭൂമുഖത്തിൽ നിന്നും അപ്രത്യക്ഷമാകുമെന്നു പോലും നാം കരുതിയിരുന്നു

പക്ഷെ അതിനെല്ലാം ഒരു അവസാനം കുറിച്ച് ഒരു പുതിയ കേരളപ്പിറവി കൂടി വന്നെത്തി 1956 നവംബർ 1 -നാണ് 29 സംസ്ഥാനങ്ങളിൽ ഒന്നായ കേരളം രൂപംകൊണ്ടത് കേരമരങ്ങളുടെ നാടാണ് കേരളം അതിനാൽ കേരളത്തിന് ഈ പേര് ലഭിച്ചത് .കേരളിയരുടെ മാത്രഭാഷ മലയാളമാണ് പച്ചപുല്ലുകൾ നിറഞ്ഞ് ഹരിതദാമർന്നിരുന്ന നമ്മുടെ കേരളത്തിൽ ഒറ്റ ദിവസം കൊണ്ട് അത് നഷിപ്പിച്ച വനത്തിൽ പൊട്ടിക്കരച്ചിലുപോല്ലേ പ്രളയം വന്നത് .നമ്മളുടെ സഹോദരി സഹോദരന്മാർ അനുഭവിച്ച യാതനകൾ വളരെ വലുതായിരുന്നു

ഇപ്പോൾ പ്രളയം കഴിഞ്ഞപ്പോൾ അടുത്ത വെല്ലുവിളിയായി ചൂട് വരുന്നു .എത്ര ചൂടിലും മരണമില്ലാത്ത മണ്ണിരകൾ ഇപ്പോൾ ഇതാ മരിച്ച മണ്ണിനു മുകളിൽ കിടക്കുന്നു .പ്രളയത്താൽ ഒരു ഗ്രാമത്തിനുമുഴവൻ നാശം വിതച്ച്കരകവിഞ്ഞ്ഒഴുകി ഒരു പുഴ .ഇപ്പോൾ ഇതാ അതിന്റെ ഒരു തുള്ളി വെള്ളം പോലും കാണവാനില്ല .അത് വറ്റിവരണ്ടപോയി ഇപ്പോൾ നമ്മുടെ ഭൂമിയിൽ എന്താണ് സംഭവിക്കുന്നതെന്ന് ശാസ്ത്രത്തിനുപോലും മനസ്സിലാകുന്നില്ല .അത്രക്കും നയനിയമായ ഒരു അവസ്ഥായാണ് നമ്മുടെ കേരളത്തിന് .എലിപ്പനി

# പ്രമുഖ സാഹിത്യകാരന്മാരുടെ തൂലികാനാമവും യഥാർത്ഥ പേരും

ആലിയ. എൻ
Vl .B

വയലാർ -വയലാർ രാമവർമ്മ
ചങ്ങമ്പുഴ -ചങ്ങമ്പുഴ കൃഷ്ണപിള്ള
തകഴി -തകഴി ശിവശങ്കരപ്പിള്ള
വള്ളത്തോൾ -വള്ളത്തോൾ നാരായണ മേനോൻ
എം. ടി -എം. ടി വാസുദേവൻ നായർ
അന്തർജനം -ലളിതാംബിക അന്തർജനം
പി .-പി .കുഞ്ഞിരാമൻ നായർ
ആശാൻ -കുമാരനാശാൻ
മാധവികുട്ടി -കമലാസുരയ്യ
ഇന്ദുചൂഡൻ -കെ കെ നീലകണ്ഠൻ
ഓ .എൻ. വി -ഓ .എൻ .വി .കുറുപ്പ്
ഇ.വി -ഇ .വി കൃഷ്ണൻപിള്ള
ഇടശ്ശേരി -ഇടശ്ശേരി ഗോവിന്ദൻനായർ
കാവാലം -കാവാലം നാരായണ പണിക്കർ
കേരള കാളിദാസൻ -കേരള വർമ്മ വലിയ കോയി തമ്പുരാൻ
കേരള പാണിനി -എ ആർ രാജ രാജ വർമ്മ
കേരള വ്യാസൻ -കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
കേരള സ്കോട്ട് -സി വി രാമൻപിള്ള
ഉറൂബ് -പി സി കുട്ടികൃഷ്ണൻ

# ധ്വനി 2019

വിലാസിനി -എം കെ മേനോൻ

പാറപ്പുറത്ത് -കെ ഇ മത്തായി

കാക്കനാടൻ -ജോർജ് വർഗീസ്

ബേപ്പൂർ സുൽത്താൻ -വൈക്കം മുഹമ്മദ് ബഷീർ

ഒളപ്പമണ്ണ -സുബ്രമണ്യൻ നമ്പൂതിരിപ്പാട്

തിക്കോടിയൻ -പി കുഞ്ഞനന്തൻ നായർ

ചെറുകാട് -ഗോവിന്ദ പിഷാരടി

ആദികവി -വാല്മീകി

ആശാ മേനോൻ -കെ ശ്രീകുമാർ

സി ബി -ഗോവിന്ദൻ നായർ

അക്കിത്തം -അച്യുതൻ നമ്പൂതിരി

ഉള്ളൂർ -ഉള്ളൂർ എസ് പരമേശ്വരയ്യർ

ജി -ജി ശങ്കരക്കുറുപ്പ്

# നമുക്കുണരാം ഒന്നായി

ആനന്ദിത(Vl)



ഓംകാരത്തിന്റെ സുഷിരങ്ങൾ
മണ്ണിലും മനസിലും
ഒന്നായി നിലനിൽക്കണം
ജന്മനാടിന്റെ മഹത്വ്റിലെക്
നമ്മളേവരും കൈകോർത്തു നിൽക്കണം
നവ കേരളത്തിന്റെ പുനഃസൃഷ്ടിക്കായി
നവ കേരളം ഉണരുന്നു
ഇന്നലെ നടന്ന വെള്ളപ്പൊക്ക കെടുതിയിൽ
തകർന്നു എന്റെ കേരളം
തകർക്കുന്നു മഴ ശക്തമായി
ജനങ്ങൾ എല്ലാം ദുരിദ ആശ്വാസ ക്യാമ്പിൽ
അവിടെ മതത്തിനു ഔർ വിലയും കല്പിക്കാതെ
കൈകോർത്തു പിടിക്കുന്നു മർത്യരെല്ലാം
ദയയും കരുണയും ഒത്തു ചേർന്നു പുണ്യമായി മാറിയതും
സമ്പത്തെല്ലാം വെള്ളപോക്കറ്റില് ഒലിച്ചു പോയതും
നാം നിന്നോട് ചെയുന്ന ക്രൂരതക്കെല്ലാം
നീ തിരിച്ചു തരുന്നു പ്രളയത്തിലൂടെ
തിളങ്ങുന്ന നക്ഷത്രങ്ങളെപോലെ നീ
എപ്പോഴും പ്രകാശികണം നറു കേരളത്തിനായി
പച്ച പുതച്ച കേരളാതെ നാം എന്തു ചയ്തു ?
സുപ്രാഭാതത്തിനായി നാം കാത്തിരിക്കുന്നു
പുതിയ കേരളത്തിനായി
ഉണരൂ ഏവരും പുനസൃഹ്ദിക്കായി
പുഞ്ചിരിച്ചാ നവ കേരളത്തെ കാണാനായി

# കേരളവും കേരളജനതയും

അഭിജിത്ത് എ

പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ ഞെരുങ്ങി നീണ്ടു കിടക്കുന്നതാണ് നമ്മുടെ കേരളം .കേരകൾ തിങ്ങുന്ന ഈ നാടിനെ ഇന്ന് വെള്ളം  മുക്കി കളഞ്ഞിരിക്കുകയാണ് സ്ത്രീകൾക് എതിരെയുള്ള ആക്രമണങ്ങൾ വർധിച്ചു വരുന്നതിനൊപ്പം സ്ത്രീ അവളുടെ മുല്യങ്ങൾ മറക്കുന്നു .വെള്ളം കയറി ഇറങ്ങിയപ്പോൾ അതിനൊപ്പം അനേകം മനസുകളും നൊന്തു

1924 ലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളം കണ്ട ഏറ്റവും വലിയ വെള്ളപൊക്കമാണ് ഇപ്പോൾ കഴിഞ്ഞത് .മഴക്കൊപ്പം തനെ സർക്കാരിന്റെ അനാസ്ഥകളും ജനങ്ങളെ വലച്ചു .കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എല്ലാ ഡാമുകളും തുറന്നു കിടന്നു പുഴകൾ ഗതിമാറിയൊഴുകി .പ്റതിറ്റാണ്ടുകൾക്കുശേഷം ഭാരത പുഴ നിറഞ്ഞുകവിഞ്ഞു .മലമ്പ്രദേശത്ത് അനേകം ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി .എന്നാൽ ഇതിനൊക്കെ ശേഷം വെള്ളം നിന്ന മണ്ണ് വരെ വിണ്ടു കീറാൻ തുടങ്ങി മണ്ണിരകൾ ചത്തു മലച്ചു .ഭൂമി പിളർന്നു മാറുന്നു .കേരളത്തിന്റെ ഭൂപ്രകൃതിക് തനെ വലിയ മാറ്റ മുണ്ടായി ഡാമുകളിൽ അനധികൃതമായി വളർത്തിയിരുന്ന മത്സ്യങ്ങൾ ഡാമുകൾ തുറന് വിട്ടതോടെ കുടി  നമ്മുടെ പുഴകളിൽ അധിനിവേശം തുടങ്ങി .നമ്മുടെ നാടൻ മത്സ്യങ്ങളുടെ വംശം തന്നെ ഒരുപക്ഷെ ഇല്ലാതാകും .മഴയെ തടയാൻ ആർക്കും കഴിയില്ല ,എന്നാൽ അനധികൃത അധിനിവേഷം കുറക്കാൻ നമ്മളെ കൊണ്ട് സാദിക്കും .മലകളെ പുഴകളെയും അവരുടെ വഴിക്ക് വിടുക മലകൽതുറന്നു കെട്ടിടവും മറ്റും ഉണ്ടാകാതിരിക്കുക പുഴയിലെ ജലത്തിന്റെ ഒഴുക്കിനെത്തടഞ് ഡാമുകളും മറ്റും ഉണ്ടാകാതിരിക്കുക

# ഒരു കുരുന്നിൻറെ സംശയം

അമർത്യ (Vl)



അപ്പുവിൻറെ വീട്ടിൽ കൈ നോക്കുന്ന ആൾ വന്നു. അപ്പുവിന് അവരെക്കൊണ്ടു തൻറെ കൈ നോക്കിപ്പിക്കാൻ അതിയായ ആഗ്രഹം.പക്ഷേ അവൻറെ അച്ഛനും അമ്മയ്ക്കും ഇതിന് ഒട്ടും തൽപര്യം ഇല്ലായിരുന്നു.അവർ കൈ നോക്കാൻ വന്നയാളെ പറഞ്ഞുവിട്ടു. അപ്പോഴാണ് അപ്പു അത് ശ്രദ്ധിക്കുന്നത് ,അച്ചൻറെ വാചകം ഇതുപോലുള്ള എത്ര പൊയ്മുഖങ്ങളാണ് നമ്മളെ പറ്റിക്കാനായി നടക്കുന്നത് .അപ്പോൾ അപ്പുവിന് ഒരു സംശയം ഈ പൊയ്മുഖങ്ങൾ എന്നാൽ എന്താണ്. ഇത് കേട്ട അച്ഛന് തോന്നി തൻറെ മകൻ കുഞ്ഞ് ആണെങ്കിലും അവൻറെ സംശയത്തിന് വില കൽപ്പിക്കണം .അല്ലെങ്കിൽ പിന്നീട് ഒരിക്കലെങ്കിലും അവൻ കാപട്യത്തിൽ അകപ്പെട്ടാൽ അത് അവന് താങ്ങാൻ ആവില്ല

അച്ഛൻ അവൻറെ സംശയത്തിനു മറുപടി കൊടുക്കാൻ തുടങ്ങി. മോനേ അപ്പു നീ കാപട്യം എന്ന് കേട്ടിട്ടുണ്ടോ? മോനേ അത് മനുഷ്യൻറെ തെറ്റായ ഒരു പ്രവർത്തി ആണ്. പണത്തിനുവേണ്ടി എന്ത് വേഷവും കെട്ടി സാധാരണക്കാരനെ പറ്റിക്കുകയും അവരുടെ പണം ഇല്ലാതാക്കുകയും ചെയുന്നു. ഇതോന്നും അറിയാത്ത ഇവർ പിന്നെയും പിന്നെയും ഇവരുടെ ഈ കള്ളത്തരത്തിൽ ചെന്ന് വീഴുന്നു. അച്ഛാ! ഇതോന്നും സംഭാവിക്കാതെ സ്വന്തം കാര്യം ശ്രദ്ധിച്ചാൽ അവർക്ക് ഈ കള്ളങ്ങളിൽ നിന്നും മോചനം നേടിക്കൂടെ. അച്ഛൻ മറുപടി പറഞ്ഞു. പക്ഷേ മനുഷ്യൻ ഇതിനൊന്നും തയാറാകുന്നില്ല. അവർ ഇതിൽ വളരെ വിശ്വസം കൽപ്പികുന്നുണ്ട് അച്ഛാ അപ്പോൾ നേരത്തെ ഇവിടെ വന്ന സ്ത്രീ നമ്മളെ പറ്റിക്കാൻ വന്നതാണോ? ആയിരിക്കാം എന്ന് മറുപടി നൽകി.

എന്നാൽ എല്ലാവരും ഇതുപോലെ കാപട്യം നിറഞ്ഞവരായിരിക്കില്ല. നന്മ നിറഞ്ഞവരും ഉണ്ട്. അപ്പുവിൻറെ അടുത്ത സംശയം അച്ഛാ അതെങ്ങനെ നമ്മൾ തിരിച്ചറിയും. പക്ഷേ അച്ഛൻറെ മറുപടി അപ്പുവിനു തൃപ്തികരമായിരുന്നില്ല. അതിനു വളരെ ബുദ്ധിമുട്ടാണ് എന്നായിരുന്നു അച്ഛൻറെ മറുപടി.

മനുഷ്യർ തന്നെ പലവിധത്തിൽ ഉണ്ട് .നല്ലവരും മോശം ആൾക്കാരും. ചില സമയങ്ങളിൽ മനുഷ്യൻ മനുഷ്യനു തന്നെ അപകടകാരികൾ ആയിരിക്കും. ഈ ലോകത്തുണ്ടാകുന്ന വെട്ടിനും കുത്തിനും എന്തിനു മരണത്തിനു വരെ കാരണമാകുന്നത് മനുഷ്യൻറെ ദുഷ്ടചിന്തകളാണ്. എനിക്ക് നിന്നോട് പറയുവാൻ ഉള്ളത് നീ വലുതാകുമ്പോൾ നീ ഒരിക്കലും നിൻറെ ഭാവിയെപറ്റിയൊക്കെ അറിയാൻ സ്വാമിമാരുടെ അടുക്കലൊന്നും ചെല്ലരുത്. അവർ നിൻറെ പണത്തിനെ അടിസ്ഥാനമാക്കിയായിരികും ഭാവി പറയുക അച്ഛൻ പറയുന്നത് കേൾക്കുന്ന അപ്പുവിനു പൂർണമായി എല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നില്ലന്നറിഞ്ഞ അച്ഛൻ അവനെയും കൂട്ടി പുറത്തേക്കുപോയി. സത്യം നേരിട്ട് കണ്ട് ബോധ്യപ്പെടുവാൻ.

അവിടെ കണ്ട കാഴ്ച വളരെ വ്യത്യസ്തമായിരുന്നു. അവിടെ കുറേപ്പേർ ചേർന്ന് ഒരു പാവം മനുഷ്യനെ പരസ്യമായി ഉപദ്രവിക്കുന്നു.കണ്ടുനിൽക്കുന്നവർ ഒരുവിധത്തിലും പ്രതികരിക്കുന്നില്ല. ചിലർ ഫോണിൽ പകർത്തുകയും ചെയ്യുന്നു .ഇതാണ് ഞാൻ പറഞ്ഞ ഒന്നു.അച്ഛൻ പറഞ്ഞു.

മറ്റൊരിടത്ത് ചെന്നപ്പോൾ ഒരാൾ വളരെ ദുഖത്തോടെ ഇരിക്കുന്നു .TV യിലെ പരസ്യം കണ്ടു വീട്ടിൽ പണം വരാനായ് ഒരു മാസം ഒരു ചട്ടി എന്ന കണക്കിനു വാങ്ങി.പണം പോകുന്നതല്ലാതെ ഒന്നും വന്നില്ല.ഈ കാപട്യം മനസ്സിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ലഅച്ഛനും അപ്പുവും കൂടി വീട്ടിലേക്ക് മടങ്ങി. വഴിയിൽ കണ്ട കാഴ്ചകളെപറ്റി അവൻ അമ്മയോട് പറഞ്ഞു.ഇനിയൊരിക്കലും ഞാൻ വലുതാകുമ്പോൾ കാപട്യത്തിൽ വീഴാതെ നോക്കും.അപ്പു വളർന്നപ്പോൾ ഒരു നല്ല മനുഷ്യനായി വളർന്നു.അവൻറെ അച്ഛനും അമ്മയും വളരെയധികം അഭിമാനിച്ചു.

# മാറിടം മാറിടം പ്രകാശമായി



എൻ ഭൂമീ ..... എൻ  ജന്മഭൂമീ .......
നീ എനിക്കായി നൽകിയ സൗഭാഗ്യമേ....
നീ എനിക്കായി നൽകിയ സൗഭാഗ്യമേ ...
അനാശ്യരമൊത്ത നശ്വരഭൂമീ ...എൻ ഭൂമീ...

സഹ്യപർവതനിരയിലർന്ന
പച്ചയാം രഥത്തിൽ ഉയർന്ന,
വളരുന്ന നശ്യരഭൂമീ
നീ എൻ മനസ്സിൻ ജീവന് തുടിപ്പുതന്നെ

പ്രളയക്കെടുതിയും
ഓഖിതൻ സ്മരണയും

അടിമുടി മാറ്റി എൻ
നാടിനെ.. എൻ ജീവൻ തുടിപ്പിനെ...

കേരളനിരകളിൽ ചാഞ്ചക്ക -
മാടുന്നു നീ എൻ
മാതൃഭൂമീ ........
അനശ്യരഭൂമീ.....

മറക്കാം,നമുക്കാ
ദുസമരണകൾ ഒരു
നിദ്രയിൽ ഉതിർന്നു വീണ
ദുഃസ്വപ്നം പോൽ

നദികളും...സസ്യശാമള-
സുന്ദരമാമൊരു നശ്വരഭൂമീ...
പച്ചപ്പിൻ സഹ്യനും വൃക്ഷലാലാദിയും
നിന്നിടും നീ നിന്നെ ദൈവത്തിൻ നാട്...

വെള്ളപടക്ക് മുന്നിൽ തല _

ഫാത്തിമത്ത് സുഹറ(VIII)



കുനിക്കാതെ നാം പൊരുതിയതോ ....
തോക്കിനു മുന്നിൽ നാം
വിറക്കാതെ എതിരെ കുതിച്ചതോ ....

അതുപോലെ ആവാം
ദുസ്മരണകൾ മറന്നിട്ടു
പുതുതൊരു കേരളം
വാർത്തെടുക്കാം .......

# കേരളത്തിലെ നദികൾ

ഹർഷാന(VI)

**ഇത്തിക്കര,കല്ലട,അച്ചൻകോവിൽ,പമ്പ,മണിമല,മീനച്ചിൽ,മൂവാറ്റുപുഴ,പെരിയാർ,ചാലക്കുടി,കരുവന്നൂ,കീച്ചേരി, ഭാരതപ്പുഴ,തിരൂർ,കടലുണ്ടി ,ചാലിയാൽ കല്ലായി**
**കോരപ്പുഴ,കുറ്റിട്ടയാടി , തലശ്ശേരി , അഞ്ചരക്കണ്ടി, വളപട്ടണം , കുപ്പം, രാമപുരം,**
**കവ്വായി, നീലേശ്വരം , ചന്ദ്രഗിരി, മൊഗ്രാൽ , പെരുവമ്പ ,**
**ഷിറിയ,ഉപ്പള,മഞ്ചേശ്വരം,ചിതറി ,മയ്യഴി,പാഴ്‌വഴിക്കൽപുഴ , അഴിയൂർ പള്ളിക്കൽ,മാമം**
**കബനി , ഭവാനി, പാമ്പാർ , നെയ്യാർ ,കരമന,വാമനപുരം**

# പ്രളയാനന്തരം

പ്രകൃതിയെ നോവിച്ചാൽ

പ്രകൃതിയെ നോവിച്ച മനുഷ്യന് ദേവിക (lX)

പ്രകൃതി നൽകുന്ന തക്ക ശിക്ഷയാണിത് ഒരുപാട് നാൾ

മനുഷ്യന്റെ ക്രൂരത സഹിച്ച

പ്രകൃതി അവസാനം ഉറഞ്ഞു തുള്ളി .

ഇത്രയും നാൾ ഭൂമിയിലെ മനുഷ്യർ
ചെയ്യ്ത തെറ്റുകൾ പ്രകൃതി കണ്ടില്ല കേട്ടില്ല എന്ന് നടിച്ചു
. ഉള്ളിൽ ഒരുപാടു വിഷമം തോന്നി
എങ്കിലും എല്ലാം പ്രകൃതി തന്റെ ഉള്ളിൽ ഒതുക്കി .
അവസാനം ഇനിയും താൻ ഒന്നും ചെയ്യിതില്ലെങ്കിൽ തൻ നശിക്കപ്പെടും
എന്നും താൻ എന്നന്നേക്കുമാ എന്നും തോന്നിയ പ്രകൃതി
ഒന്ന് പൊട്ടിക്കരഞ്ഞു അതാണ് മനുഷ്യനു താങ്ങാൻ കഴിയാത്ത ദുരിതം വിതച്ചത്
മനുഷ്യന് ആ ദുരിതത്തിൽ നഷ്ടപ്പെട്ട കാര്യങ്ങൾക്കു കൈയും കണക്കുമില്ല .
എന്നെ നശിപ്പിക്കാൻ നോക്കുന്നവരെ ഞാനും നശിപ്പിക്കും .
എന്നെ നശിപ്പിച്ചാൽ -ഞാൻ വെറുതെയിരിക്കുകയില്ല
എന്നൊക്കെ പ്രകൃതി പറയുന്നതായി തോന്നിപോകുന്നു
എപ്പോൾ മഴ മണത്തു കാണുമ്പോഴേ ആളുകള്
പേടിച്ചു മാറുന്നു . കാരണം പ്രകൃതിക്കു
പ്രതിക്ക് പ്രതികാരം ചെയ്യാൻ കൂട്ട് നിന്ന ആളാണ് മഴ
മഴയെ ഇഷ്ടപ്പെടുന്നവർ പോലും പേടിയോടെയാണ് മഴയേ കാണുന്നത്
എത്രയും കിട്ടിയിട്ടും പഠിക്കാത്ത മനുഷ്യനോട്
പ്രകൃതി ഇതിലും ദേഷ്യത്തിൽ പ്രവർത്തിക്കും
ഈ ഈ സർവ്വചരാചരങ്ങളിൽ വച്ചു ഏറ്റവും
ബുദ്ധിയും ശക്തിയും ഉള്ള മനുഷ്യ
നീ എന്താണ് നന്നാവാത്തതു എന്ന് പ്രകൃതി ചോദിച്ചു പോകുന്നു .

# നവകേരളം

ദൈവമേ നിന്നുടെ കൈയ്യിൽ നിറയുമ
ദേശക്കാർ ഒത്തൊരുമയായി നിൽക്കുന്ന
കേരളമാണിന്നുള്ളത്
കേരളം നാടിനെ കാത്തുകൊള്ളേണമേ
മൈലാട്ടം, പുഴയൊഴുകും , കിളിമുളും
ഹരിതമാണു കേരളം .......

ദൃശ്യ പി

ഒറ്റക്കെട്ടായ കേരളമേ .......
ഒന്നിച്ചയാരം കേരളമേ ......

ജനങ്ങളെന്നും നിന്നുടെയൊപ്പം
പലപലനദിയും കളകളമൊ ഴ്കും
മാനവരാശിയും ഒറ്റക്കെട്ടായി
നിൽക്കുമാ ....... കേരളമൊരു
നവകേരളം ....... നവകേരളം

ദൈവത്തിൻ കൃപചൊരിയുന്നു
ദൈവത്തിൻ കൃപചൊറിയുന്നു
ദൈവത്തിൻ കൃപചൊരിയുന്നു ........

പുതുതലമുറയെന്നും ഒറ്റകെട്ടായി
കേരളമാവരുടെയൊപ്പം
പുണ്യം ചൊരിയും നൻമകൾ വിരിയും
മാനവരാശിയുമൊന്നിച്ച
നവകേരളം ഇതു
നവകേരളം .......

പൂവുകൾ വിരിയും , സത്യം വിരിയും
സുവർണ്ണ കേരളമാണിത്
മാനുഷർക്കെല്ലാം ഗന്ധം പകരും
കേരളം ഒരുചെറുകാറ്റ്

ഇതു കേരളം
നവകേരളം
ജനകേരളം

സ്വാതന്ത്ര്യം നേടിത്തന്ന
സ്വാതന്ത്ര്യ സമരസേനാനികളെ
ഒരുമിചോർ ക്കാം
നമുക്കെല്ലാം .......

നവകേരളം .......
നവകേരളം .......
നവകേരളം .......

# ഞാൻ ഒരു അധ്യാപകനായാൽ

അൽഫിയ

ഒരു ലോകം തന്നെ മാറ്റിമറിക്കാൻ പറ്റുന്നവനാണ് അധ്യാപകൻ . കുട്ടികൾക്കു നല്ല പാഠങ്ങളും ഉപദേശങ്ങളും പഠിപ്പിക്കുന്നവനാണ് ഒരു നല്ല അധ്യാപകൻ . ഒരു പ്രകാശമായി നമ്മുടെ മുന്നിൽ എന്നും അധ്യാപകർ ഉണ്ടാകും . നമ്മൾ ഒരു തെറ്റിലേക്ക് പോയാൽ അതു പറഞ്ഞു മനസ്സിലാക്കി ശരിയിലേക്കു നയിക്കുന്നവനാണ് യഥാർത്ഥ അധ്യാപകൻ . ഒരു സ്കൂളിന്റെ നന്മ ക്കും നല്ലതിനും വേണ്ടി പോരാടുന്നവനാണ് നല്ല അധ്യാപകൻ . ഒരു
നല്ല അധ്യാപകരുടെ വാക്കുകൾ എന്നും നമ്മുടെ മനസിലുണ്ടാകും . നമ്മുടെ മാതാവാണ് , പിതാവാണ് , ഗുരുവാണ് , ദൈവമാണ് അധ്യാപകർ . നമ്മു
ടെ എല്ലാ ഉന്നതികൾക്കും മുന്നിൽ അധ്യാപകർ എന്ന വാക്കുണ്ടാകും . ഒരു നല്ല അധ്യാപകർ കുട്ടികൾക്കെന്നും മാതൃകയാകും . ഞാൻ അധ്യാപകരി ൽ
ഒരാളായാൽ കുട്ടികൾക്കെന്നും മാതൃകതന്നെയായിരിക്കും . കുട്ടികളുടെ ഉന്നതിക്കുവേണ്ടി പറ്റുന്നത്രയും ശ്രമിക്കും .ഡോക്ടർ എസ് രാധാകൃഷ്ണന്റെ ജന്മദിനമാണ് ഇന്ന് .അദ്യാപകദിനമായി ആചരിക്കുന്നത് .അദ്ദേഹത്തിനേ ഒരുനല്ല മനസുണ്ടായതുകൊണ്ടല്ലേ നമ്മൾ ഇങ്ങനേ ടീച്ചേർസ് ഡേ ആയീ ആശംസിക്കുന്നത് അദ്ദേഹവും ഒരു അധ്യാപകനായിരുന്നു .കുട്ടികളോടൊത്തു കുട്ടികൾക്ക് നല്ല വാക്കുകൾ പറഞ്ഞുകൊടുക്കുന്നവനാണ് നല്ല അധ്യാപകൻ .

അധ്യാപകന്റെ വാക്കുകൾ എന്നും നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ നമ്മൾ ആഗ്രഹിക്കാത്ത പദവിയിൽപോലും നമ്മൾക് എത്തിച്ചേരാൻ കഴിയും .അധ്യാപകന്റെ ഉപദേശമാണ് നമ്മളെ മുന്നിലേക്കു നയിക്കുന്നത് .സ്കൂളിനെ ഉയർന്നപദവിയിലേക്കു എന്നതായിരിക്കണം ഒരു അധ്യാപകന്റെ ലക്ഷ്യം .അധ്യാപകനാണ് ജീവിതത്തിലെ മുന്നോട്ടുള്ള ദൈവം .ഗുണപാഠങ്ങൾ നമ്മളിലേക്ക് പഠിപ്പിച്ചുതരുന്നവനാണ് അധ്യാപകൻ . എന്റെ അധ്യാപക ഉദ്ധേശ്യം ഈ ലോകത്തിലെ എല്ലാ സ്ഥലങ്ങളെക്കാളും പഠനം കൂടുതലുള്ളത് നമ്മുടെ സ്ഥലങ്ങളില് എന്ന് മാത്രം . അതിനുവേണ്ടി ഞാൻ എന്റ ഊർജം മുഴുവൻ മെച്ചപ്പെടുത്തും ...ഉറപ്പ് .......

# ये दिन याद रखें

गौതം

1 . विश्व पर्यावरण दिन - जून- 5
2. अंतराष्ट्रीय बालश्रम विरूद्ध दिन -जून - 12
3. वाचन दिवस -जून- 19
4. विश्व साक्षरता दिवस -सितंबर- 8
5. हिंदी दिवस - सितंबर - 14
6. केरल दिवस -नवंबर- 17
7. विश्व छात्र दिवस -नवंबर- 17
8. नववर्ष दिवस -जनवरी - 1
9. विश्व मातृभाषा दिवस -फरवरी- 21
10. विश्व वन दिवस -मार्च- 21
11. विश्व जल दिवस -मार्च- 22
12. विश्व पक्षी दिवस - अप्रैल- 1
13. विश्व स्वस्थय दिवस -अप्रैल - 7
14 विश्व पुस्तक दिवस -अप्रैल - 23

# അല്ലയോ ഭൂമീ .......

ഹരിപ്രിയ(IX)

അല്ലയോ ഭൂമീ ...നിൻ
ആത്മാവിൽ മുറിവേറ്റിരുന്നോ ..
മഴദേവതയെന്തേ നിന്നോടിത്ര
ക്രൂരമായി പെരുമാറി ...

കർണ്ണം തുളപ്പിക്കും ചീവിടിന്റെ
ശ്രുതി പോലെ എന്തിന്
മാറി നീ ...ദേവി

ഓളം വെട്ടി ഒഴുകി
നീലനിറത്തിൻ പ്രതീകമായി
നിലകൊണ്ടു നിന്നിടും
പുഴയെത്ര തേങ്ങി ......

വേനലിൻ ഒരു തുള്ളിയമൂല്യമായി
സ്വത്തായ് പിന്നെ
മാറിയതെല്ലാം പാഴ്വസ്തുവായി

ഓളങ്ങൾ നൽകി കളകാരവം
മുഴക്കി ...ഒഴുകിടും
നിസ്വാർത്ഥതയുടെ പ്രതീകമായി
നിന്ന പുഴയോ കരകവിഞ്ഞൊഴുകി ....

പമ്പയാറോ പറമ്പായി മാറി
തൻ പത്തി വിടർത്തി
എൻ അമ്മതൻ മാറിലത്
കൊത്തി .............

ആ നീറ്റലിൽ വേദനയിൽ
പൊട്ടിക്കരഞ്ഞിടുമെൻ അമ്മതൻ
കണ്ണീര് ഞാൻ കണ്ടു ,എൻ
ദൃഷ്ടിയിൽ ഞാനതറിഞ്ഞു ....

അമ്മേ ...........ദേവി ..........

തുള്ളികൾ വീണപ്പോൾ

ചിതത്തിൽ മുറിവേറ്റ
പാടിയതൊക്കെയും മറന്നിട്ടും
മാനവരെപ്പോഴും അന്യതന്നെ ..........

അവരുണ്ടോ ഓർക്കുന്നു
ഇതെൻ ഭൂമീ ....ഞാൻ ജനിച്ച
മണ്ണിനെ ഹൃദയത്തിനോട്
ചേർത്തിടും എന്നമ്മ ..........

എന്നിട്ടോ ശപിക്കുന്നു
"ഈ മഴ എന്ത് ശാപം
ഭൂമീ ദേവിക്ക്,
ഒന്ന് നിർ<u>ത്തു</u> ഈ ശപിച്ച
മഴ "

# ഞാൻ ഒഴുകിയിരുന്ന വഴികൾ

ഞാൻ ഒഴുകിയിരുന്ന വഴികൾ നീ മുടക്കിയാൽ,
നീ മുടക്കിയ വഴികളിലൂടെ ഞാൻ സഞ്ചരിക്കും.
അന്ന് നീയിതു പറഞ്ഞപ്പോൾ
ഞാൻ അന്ന് ഏതു ചിന്തിച്ചില്ല
ഇതു നിന്റെ ശിക്ഷയോ അതോ
നിന്റെ കണ്ണുനീരോ,
നീ തകർത്തത് ഞങ്ങളുടെ സ്വപ്നമോ,
ജീവിതമോ എന്തിനു നീ ഇതിനു ബാക്കിത്തന്നു.
ഞാൻ ഓർക്കുന്നു നീ വരുന്നതിനി മുമ്പുള്ള കാലം
ആഴിയുടെ മാറിൽ ഒരിടിത്തീപോലെ
നീ വന്നു വീണപ്പോൾ,
അത് പ്രതിഭലിപ്പിച്ചു ഞങ്ങളുടെ മനസിൽ
വലിയവനും ചെറിയവനും മുതിർന്നവരും ഇളയവനും
നിന്റെ മുമ്പിൽ സമാസമം.

# എന്നും ഓർക്കുന്നു ഞാൻ

എവിടെയെൻ നാട്ടുപച്ചത്തുരുത്ത് ഇന്നുമെ
ന്നെവിടെയെൻ വശ്യമനോഹാരി ഭൂ......
ഇന്നുമെൻ നെഞ്ചുപിളർക്കുന്ന വേദന
പാവമാം ഓമനക്കുട്ടനാണ് ഞാൻ
ലാളിച്ച് ഓമനിച്ചെന്നും വളർത്തിയെൻ
ചെമ്പകക്കുട്ടനിന്നെവിടെയാണ്?
ബന്ധംപുലർത്തും മനുഷ്യമനസ്സിന്ന്
ചൂലുപോൽ മനസ്സുമിന്നേകാത്രമായി
കൊട്ടും വരൾച്ചയിലൊരുതുള്ളി
ക്കായ് തണ്ടും ...........
എങ്കിലും വെള്ളമിന്ന് മരണച്ചരടായി
ആഡംബരത്തിലായി മതിഞ്ഞവർപോൾ
പുളയെന്റെ കൂരയിൽ അന്തിചാഞ്ഞു
ജാതി മതം ദൈവം ഒന്ന് മനുഷ്യന്
എന്ന ഗുരുത്വത്തം ഞാൻ ഓർക്കുന്നു
ഒന്നിന് ഒന്ന് തുല്യമായും പലതും
എത്തിക്കുന്നു പലക്കായി വേണ്ടി
എങ്കിലും കുട്ടന്റെ ചെമ്പകത്തെ
മാത്രം ഇന്ന് തിരികെ നൽകിയില്ല
അവനിന്നു തേങ്ങുന്നു കരയുന്നു ചെമ്പകത്തതിനായ്
തന്റെ കൂടെപ്പിറപ്പായിക്കരുതിയ തരു
മനസ്സിൽ നിന്നാരോ പറിച്ചുകൊണ്ടുപോയ്
വേദന കൊണ്ട നിമിഷങ്ങൾ വരും പുലരിയിൽ
ഒന്ന് ചിരിക്കാനാവൻ കൊതിച്ചു
കാത്തതിരിക്കാൻ ഞാൻ കാത്തിരിക്കാം
നിനക്കായെൻ നൂറു കാതര ജന്മം
ചെമ്പകമേ ...........

# നൂതനം

രശ്മി പി

കേരളം കേരളം ഇത്
ശ്യാമസുന്ദരം കേരളം
നവകേരളം പുനം സൃഷ്ടിയായി
ഒത്തുചേരുക ഏവരും
നന്മ നിറയും കേരളത്തിൽ
ദുഷ്ടരാം ചില മനുഷ്യരാൽ
പീഡീതമായ കേരളം
കേരളം കേരളം
ശ്യാമസുന്ദര കേരളം
ഒത്തോരുമിക്കാം പുനർജനിക്കാം
കേരളം പുതുകേരളം
ദൈവം കനിഞ്ഞ കേരളം
പുണ്യമായ കേരളം
വാർത്തെടുക്കാൻ നന്മ നിറഞ്ഞ
സായുജ്യമായ കേരളം
നന്മളാൽ നശിച്ചകേരളം
നനമാലള്തന്നെ വീണ്ടെടുക്കാം
വീണ്ടെടുക്കാം കേരളം
സായുജിയമായ കേരളം

# പ്രളയസമ്മാനം

പ്രകൃതിമക്കൾക്ക് വേദനയായി
എല്ലാ സുഖങ്ങളും തട്ടിത്തെറിപ്പിച്ച്
ജീവിതസുഖങ്ങൾ തട്ടിത്തെറുപ്പിച്ച്
ഇന്നിതെന്താണ് നീ എങ്ങനെ

വാനമേ എന്തിന് നിനക്കിത്രദുഃഖം
നിന്റെ ദുഃഖത്തിന്റെ കാരണം ചൊല്ലാമോ

ഇന്നലെവരെ സന്തോഷമായിരുന്ന നിനക്ക്
ഇന്നിതെന്താണ് നീ ഇങ്ങനെ
ഇന്നലെവരെ സുന്ദരിയായിരുന്ന നീ
ഇന്ന് നിന്റെ കാർകുന്തലുകൾ അഴിച്ചിട്ട്
ക്രൂരമനോഭാവം കാട്ടിയതെന്തിനാണ് ?
ഇന്നിതെന്താണ് നീ ഇങ്ങനെ ?
നിന്റെ സൗന്ദര്യം എങ്ങോപോയിമറഞ്ഞു .
നിന്റെ മനസാക്ഷി ഇല്ലാതെയാകുവാൻ കാരണമെന്ത്
നിന്റെ മക്കളുടെ ദുഃഖം നീ കാണുന്നില്ലേ .
ഇന്നിതെന്താണ് നീ ഇങ്ങനെ .
പുഴകൾ കവിഞ്ഞു ,തോട് കവിഞ്ഞു ,നദി കവിഞ്ഞു
എന്നിട്ടും നിന്റെ കണ്ണീരിന് ശമനമില്ലാതായല്ലോ
നിന്റെ മക്കളുടെ ദുരിതം നീ കാണുന്നില്ലേ
ഇന്നിതെന്താണ് നീ ഇങ്ങനെ
മനുഷ്യരുടെ എല്ലാം ഒലിച്ചുപോയി
മറ്റു ചിലരുടെ എല്ലാം നഷ്ടമായി ,
വീടുകൾ നഷ്ടമായി ,ജീവിതസുഖമില്ലാതായി
സമ്പത്തില്ലാതായി ,എല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതായി
നിന്റെ വിഷമങ്ങൾ നീ ഉള്ളിലൊതുക്കു
നിന്റെ മക്കളുടെ നന്മക്കായ് നിനക്ക് പ്രവർത്തിച്ചു കൂടെ
ഞങ്ങളുടെ സ്നേഹമയയായ
പ്രകൃതി 'അമ്മ എതെങ്ങുപോയി
പറയൂ ....നീ ....പറയൂ.

# എന്റെ പുണ്യകേരളം

നമിത പി ആർ

എന്റെ പുണ്യകേരളം
കേരളം കേരളം കേരളം മമ കേരളം
പുഴയരുവികളുടെ പുണ്യനാട്
മാരിപെയ്ത്തിൽ മുങ്ങിയെന്റെ പുണ്യനാട്
(കേരളം കേരളം കേരളം മമ കേരളം )
നാട്യകലയുടെ പുണ്യനാട്
സത്യത്തിൻ ഭൂമിയായ നാട്
പച്ചപ്പിൻ മണമുള്ളനാട്
(കേരളം കേരളം കേരളം മമ കേരളം )
കാർഷിക നാട് എന്നറിയുന്ന
ഭാരതഭൂമിയിലൊരുനാട്
എന്റെ നാട്ടിൽ ഭംഗിയുള്ളൊരു
പച്ചപരവതാനികളുണ്ട്
(കേരളം കേരളം കേരളം മമ കേരളം )
കേരളം കേരളം കേരളം മമ കേരളം
കേരളം കേരളം കേരളം മമ കേരളം
കേരളം കേരളം കേരളം മമ കേരളം
മമ കേരളം
മമ കേരളം
മമ കേരളം

# നേരറിയാതെ........

ജാനകി ലക്ഷ്മി (Vlll)



ശ്രീ മോനെ പോലീസ് അറസ്റ്റ് ചെയ്തു .കേട്ടവർ മൂക്കത്തു വിരൽ വെച്ച്.മനുഷ്യ സ്നേഹിയായ ശ്രീമോൻ മനുഷ്യാവകാശ കമ്മീഷന്റെ പരാതിയെ തുടർന്നു പോലീസ് അറസ്റ്റ് ചെയ്തു.ഒരു മനുഷ്യനെ പട്ടി കൂട്ടിൽ ഇട്ടതിനു ആണ് അറസ്റ്റ്.ഈ മനുഷ്യനെ ഇങ്ങനെ ചെയ്യാൻ കഴിയുമോ?ശ്രീമോൻ എന്ന പേര് തന്നെ ദൗർഭാഗ്യം കൂടെ കൊണ്ട് വരുന്നതാണല്ലോ .യേശു ക്രിസ്തുവിനെ കുരിശിൽ തറക്കാൻ കൊണ്ട് പോകുമ്പോൾ വഴിയാത്രകാരനായ ശ്രീമോന് കുരിശു ചുമക്കേണ്ടതായി വന്നു. എന്താണ് സംഭവിച്ചതെന്ന് ഞാൻ അന്വേഷിച്ചു. ശ്രീമോന് ഒരു പട്ടി ഉണ്ടായിരുന്നു. അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്ത ഐറ്റം.അതിനെ വളർത്തുന്നതിന് പ്രത്യേകം മെനു തന്നെ ഉണ്ടായിരുന്നു മൂന്ന് നേരവും ഇറച്ചിയും മീനുമടക്കമുള്ള ഭക്ഷണം ആറി തിളപ്പിച്ച വെള്ളം,ഇളം ചൂട് പൽ ....ഇങ്ങനെ പോകും .ആഴ്ച്ചയിൽ മെഡിക്കൽ ചെക്കപ്പ്.അമേരിക്കയിലെ അതി ശൈത്യത്തിൽ വളർന്നതിനാൽ അത് കിടക്കുന്ന മുറിയും എ .സി എന്നിട്ടും ആയുസ്സ് തീരുമാനിക്കുന്നത് മറ്റേതോ ശക്തിയായതിനാൽ ആ നായ് ചത്തു ആഴ്ച്ചകളോളം ദുഖിതനായ ശ്രീമോൻ ഒരിക്കൽ കാറിൽ സഞ്ചരിക്കുമ്പോൾ ട്രാഫിക് ജാമിൽ പെട്ട് വണ്ടി നിറുത്തിയപ്പോൾ എവിടെ നിന്നോ ഓഷ്ബാലൻ തന്റെ നേരെ കൈ നീട്ടി വിശനാട്ടിയ വയറും ഒഴിഞ്ഞ കവിളുകളും കണ്ട് മാനസിളകിയ ശ്രീമോൻ ആ ബാലൻ വയറു നിറയെ ഭക്ഷണം വാങ്ങി കൊടുത്തു അവനെ കുറിച്ചു അന്വേഷിച്ചപ്പോൾ അനാഥനായ അവൻ ദിവസവും തെണ്ടിയാണ് വയറു കഴിയുന്നതെന്ന് മനസിലായി അപ്പോഴാണ് ശ്രീമോൻറെ ശിരസിൽ ഒരു വെള്ളിടി പൊട്ടിയത് .എന്ത്

# മഹാത്മാ ഗാന്ധിയെക്കുറിച്ചുള്ള എന്റെ ഓർമ .

1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു .അദ്ദേഹത്തിന്റെകുകാലം രാജ്ഘട്ടിലായിരുന്നു . അവിടെത്തന്നെയായിരുന്നു വിദ്യാഭ്യാസവും.അദ്ദേഹം ഹൈസ്കൂളിൽ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യാപകൻ അഞ്ചുവാക്കുകൾ നൽകി . എല്ലാവരും നോക്കിയെഴുതി വിജയിച്ചു .പക്ഷെ ഗാന്ധിജിക്കുമാത്രം അത് തെറ്റായിരുന്നു .എല്ലാവരും അദ്ദേഹത്തെ വിഡ്ഢിയാക്കി .കളിയാക്കി .പക്ഷെ അദ്ദേഹം സത്യസന്ധത കൈവിട്ടിരുന്നില്ല .അദ്ദേഹത്തിന്റെ പതിമൂന്നാം വയസ്സിൽ വിവാഹം കഴിഞ്ഞു .അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് കസ്തൂർബാഗാന്ധി എന്നായിരുന്നു .വിവാഹം കഴിഞ്ഞും പഠനം തുടർന്നു .അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ട സമയത്ത് ഭാര്യാഗര്ഭിണിയായിരുന്നു .

"ദി പെർഫെക്റ്റ് വാർ ഇൻ ഡിറ്റ് " എന്ന പുസ്തകവും അദ്ദേഹത്തിന്റെ ഇഷ്ടമായിരുന്നു . 1920 -ൽ പാരിസിൽ ഒരു പ്രദര്ശനമുണ്ടായിരുന്നു അത് കാണാൻ അദ്ദേഹത്തിന് വളരെ ആഗ്രഹമുണ്ടായിരുന്നു അങ്ങനെ അദ്ദേഹം എങ്ങനെയോ അവിടെയെത്തി അവിടെ ഗാന്ധിജി വാടകക്കൊരു ഒരു മുറിയെടുത്തു അവിടെ ഏഴുദിവസം താമസിച്ചു . അദ്ദേഹം അവിടെ എത്തിച്ചേർന്നു . അതിനുശേഷം അദ്ദേഹം ബോംബൈ വിട്ട് രാജ്കോട്ടയിലെത്തി സ്വന്തമായി ഓഫിസ് തുടങ്ങി . അദ്ദേഹം അവിടെ ഹർജികളും അപേക്ഷകളും നോക്കി പ്രതിമാസം മൂന്നുരൂപകിട്ടുമായിരുന്നു .

1885 -ൽ ട്രാൻസ്വാളിൽ കര്ശനമായൊരു നിയമം പാസ്സാക്കി . 1894 -ൽ ഞെട്ടൽ ഗോവെർമെന്റ് ഇന്ത്യക്കാരായ ജോലിക്കാരുടെ മേൽ പ്രതിവർഷം 25 പവൻ നികുതി ചുമത്താൻ ആലോചിച്ചു അത് ഗാന്ധിജിയിൽ അത്ഭുതം തോന്നി . അദ്ദേഹത്തിന്റെ വഴികാട്ടിയാണ് റായ്ചന്ദ് ആയിരുന്നു . സുവിശേഷങ്ങൾ പുതുക്കൽ [ദി ഗോസ്പെർസ് ഇൻ ബ്രീഫ് ] എന്ത് ചെയ്യണം [വാട്ട് ട്ടോ ദോ ] തുടങ്ങിയ പുസ്തകങ്ങൾ അദ്ദേഹത്തെ ആകർഷിച്ചിരുന്നു . അദ്ദേഹം മൂന്നുവർഷം ദക്ഷിണാഫ്രിക്കയിൽ താമസിച്ചു . അതിനു ശേഷം 1896 മധ്യത്തോടെ എസ് .എസ് പോക്കൊലാ എന്ന കപ്പലിൽ അദ്ദേഹം നാട്ടിലേക്കു തിരിച്ചു . അവിടെ രണ്ടു ഇംഗ്ലീഷ് ഉദ്യോഗസ്ഥമാരുമായിട്ടു അവരുമായി ഗാന്ധിജി വളരെ അടുപ്പത്തിലായി . അതിൽ ഒരാൾ അദ്ദേഹത്തിനു തമിഴ് പഠിക്കാനായി [ ടാമി സീരിസ് ടീച്ചർ] എന്ന പുസ്തകം കൊടുത്തു . 1897 ശേഷം അദ്ദേഹത്തിന്റെ പടങ്ങൾ അധികവും ജൈലാണ് നടന്നത് . 1897 -നും 99 -നും ഇടക്കുള്ള മറ്റു പല അനുഭവങ്ങളും വിട്ടുകളഞ്ഞിട്ടുണ്ട് അദ്ദേഹം നേരെ സ്വവർ യുദ്ധത്തിലേക്കു കടന്നു അദ്ദേഹം ഇന്ത്യയിൽ എത്തിയ ശേഷം രാജ്യത്തു ഉടനീളം സഞ്ചരിക്കാനായി കുറേ നാൾ ചിലവഴിച്ചു . ഇംഗ്ലണ്ടിലേക്കു പോയി

അവിടെപഠിച്ചിട്ട പോലും ശൈലിയും ഭാഷയും മറന്നില്ലായിരുന്നു . അദ്ദേഹം അവസാനം ലണ്ടണില്ല കപ്പലിൽ സഞ്ചരിച്ചപ്പോൾ എല്ലാവരും ഇംഗ്ലീഹ്സ ആയിരുന്നു സംസാരിച്ചച്ചത്ഉ . ഒരാൾ ഒഴികെ എല്ലാവരും ഇംഗ്ലീഷ്കാരയുരുന്നു . അവർ കത്തിയും സ്പൂണമായിട്ടാണ് കഴിക്കുന്നത് .അതിനോട് ഗാന്ധിജിക്കു താൽപ്പര്യംതോന്നിയില്ല അവർ ഭക്ഷണം കഴിക്കുന്ന സമയത്തു അദ്ദേഹം ക്യാബിനിൽ ഇരുന്നു മധുര പലഹാരങ്ങളും പഴങ്ങളും ആയിരുന്നു അദ്ദേഹത്തിന്റെ ആഹാരം അതുകഴിച്ചായിരുന്നു അവിടെ ജീവിച്ചത് .അവർ എത്ര നിർബന്ധിച്ചിട്ടും മാംസം കഴിക്കാൻ കൂട്ടാക്കിയിട്ടില്ല അദ്ദേഹത്തിനു സസ്യ ഭക്ഷണം ഇഷ്ടമായിരുന്നു ."THE ETHICS OF DIET "എന്ന ഹവാസ് വില്യംസിന്റെ


1921 മുതൽ ഞാൻ കോൺഗ്രസ് നേതാവുമായി വളരെ അടുത്ത് ബന്ധപ്പെട്ട പ്രവർത്തിച്ച പോരുന്നതിനാൽ അവിടം മുതലുള്ള എന്റെ ജീവിതത്തിലെ യാതൊരു സംഭവും അവരുമായുള്ള ബന്ധത്തെപ്പറ്റി പറയാതെ വയ്യ .ഇതുവരെ അദ്ദേഹത്തിന്റെ  വാക്കുകളിൽ അക്രമരഹിതം എന്ന വാക്ക് ഏറെക്കുറെ ഒഴിവാക്കിരുന്നു

അതുകൊണ്ട്  മറ്റുചില സമാനപഥങ്ങൾ പറഞ്ഞുതരാൻ മൗലാന അബ്ദുൾകലാം ആസാദിനോട് അദ്ദേഹം ആവശ്യപ്പെട്ടു ആസാദ് ബാ _അമൻ എന്ന പദം നിർദ്ദേശിച്ചു അതുപോലെ നിസാഹാരത്തിന് ആസാദ് തർക് ഇ മ വാലത്ത് എന്നപഥവും നിർദ്ദേശിച്ചു

തൽക്കാലത്തേക്കെങ്കിലും വല്ലപാടും വിടവാങ്ങുന്ന ഈ അവസരത്തിൽ മനോവകർമങ്ങളിൽ അഹിംസ വാരം അരുളണേഎന്ന സത്യേശ്വരനോടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് പങ്കു ചേരാൻ എല്ലാവരോടും അഭയർത്തിക്കുന്നു . 1948 ജനുവരി 30 ഈ ലോകത്തെയും എല്ലാവരെയും വിട്ട് മമറിഞ്ഞുപോയി

# എന്നും ഓർക്കുന്നു ഞാൻ

ആദിത്യൻ പി



എവിടെയെൻ നാട്ടുപച്ചത്തുരുത്ത് ഇന്നുമെ
ന്നെവിടെയെൻ വശ്യമനോഹാരി ഭൂ......
ഇന്നുമെൻ നെഞ്ചുപിളർക്കുന്ന വേദന
പാവമാം ഓമനക്കുട്ടനാണ് ഞാൻ
ലാളിച്ച് ഓമനിച്ചെന്നും വളർത്തിയെൻ
ചെമ്പകക്കുട്ടനിന്നെവിടെയാണ്?
ബന്ധംപുലർത്തും മനുഷ്യമനസ്സിന്ന്
ചൂലുപോൽ മനസ്സുമിന്നേകാത്രമായി
കൊടും വരൾച്ചയിലൊരുതുള്ളി
ക്കായ് തണ്ടും ...........
എങ്കിലും വെള്ളമിന്ന് മരണച്ചരടായി
ആഡംബരത്തിലായി മതിഞ്ഞവർപോൾ
പുളയെന്റെ കൂരയിൽ അന്തിചാഞ്ഞു
ജാതി മതം ദൈവം ഒന്ന് മനുഷ്യന്
എന്ന ഗുരുത്വത്തം ഞാൻ ഓർക്കുന്നു
ഒന്നിന് ഒന്ന് തുല്യമായും പലതും
എത്തിക്കുന്നു പലക്കായി വേണ്ടി
എങ്കിലും കുട്ടന്റെ ചെമ്പകത്തെ
മാത്രം ഇന്ന് തിരികെ നൽകിയില്ല
അവനിന്നു തേങ്ങുന്നു കരയുന്നു ചെമ്പകത്തതിനായ്
തന്റെ കൂടെപ്പിറപ്പായിക്കരുതിയ തരു
മനസ്സിൽ നിന്നാരോ പറിച്ചുകൊണ്ടുപോയ്
വേദന കൊണ്ട നിമിഷങ്ങൾ വരും പുലരിയിൽ
ഒന്ന് ചിരിക്കാനാവൻ കൊതിച്ചു
കാത്തതിരിക്കാൻ ഞാൻ കാത്തിരിക്കാം
നിനക്കായെൻ നൂറു കാതര ജന്മം
ചെമ്പകമേ ...........

# അല്ലയോ ഭൂമി ........

അല്ലയോ ഭൂമീ ....നിൻ
ആത്മാവിൽ മുറിവേറ്റിരുന്നോ...
മഴദേവതഎന്തേ നിന്നോടിത്ര
ക്രൂരമായി പെരുമാറി ...

കർണ്ണം തുളപ്പിക്കും ചീവീടിന്റെ
ശ്രുതി പോലെ എന്തിന്
മാറി നീ ദേവി .....

ഓളം വെട്ടി ഒഴുകി
നീലനിറത്തിൻ പ്രതീകമായി
നിലകൊണ്ടു നിന്നിടും
പുഴയെത്ര തേങ്ങി.....

വേനലിൻ ഒരു തുള്ളിയമൂല്യമായി
സ്വത്തായി പിന്നെ
മാറിയതെല്ലാം പാഴ്വസ്തുവായി

ഓളങ്ങൾ നൽകി കളകാരവം
മുഴക്കി ഒഴുകിടും
നിസ്വാർത്ഥതയുടെ പ്രതീകമായി
നിന്ന പുഴയോ കരകവിഞ്ഞൊഴുകി .......

പമ്പയാറോ പറമ്പായി മാറി
തൻ പത്തി വിടർത്തി
എൻ അമ്മതൻ മാറിലത്
കൊതി ..........

ആ നീറ്റലിൽ വേദനയിൽ
പൊട്ടിക്കരഞ്ഞിടുമെൻ അമ്മതൻ
കണ്ണീര് ഞാൻ കണ്ടു , എൻ
ദൃഷ്ടിയിൽ ഞാനതറിഞ്ഞു ....

അമ്മേ ..........ദേവി ..........

തുള്ളികൾ വീണപ്പോൾ
ചിതത്തിൽ മുറിവേറ്റു....
പാടിയതൊക്കയും മറന്നിട്ടും
മാനവരപ്പോഴും അമ്പു തന്നെ ..

# കൃഷി ച്ചൊല്ലുകൾ

ഹാറൂൺ



സമ്പത്തുകാലത് തൈപത്തുവെച്ചാൽ ആപത്തുകാലത്ത് കായ്പത്തു തിന്നാം
ആര്യൻ വിതച്ചാൽ നവര വിളയുമോ
മുലയിൽ അറിയാം വിള
ഏറെ വിളഞ്ഞാൽ വിത്തിനകം
കണ്ണൻ വാഴ ചുവട്ടിൽ
കദളിവാഴ വാഴ ഉണ്ടാകുമോ
കോരി വിതച്ചാലും വിതച്ചതേ വിളയൂ
ഒക്കത്ത് വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിചെയാം
വിത്ത് ഒളിപ്പിച്ചത് കുത്ത് പാടെട്ടുക്കും
വിത്ത് വിറ്റ് വിരുന്നുണ്ണരുത്
വിത്ത് ഗുണം പത്ത് ഗുണം
ഒന്ന് ചീഞ്ഞാലേ മറ്റൊന്നിന് വളമാകു
കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം
നല്ല തെങ്ങിന് നാൽപത് മടല്
വിതത്താഴം ചെന്നാൽ പത്തയം നിറയും
പറിച്ചുനട്ടാലേ കറുത്ത് നെട്ടു
നെല്ലറ പൊന്നറ
ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ  പിഴച്ചു
ഉഴന്നുണ്ണുന്നവനെ തൊഴുന്നുണ്ണണം
എല്ല് മുറിയെ പണിചെയ്താൽ പല്ല് മുറിയെ തിന്നാം
മൂലത്തിൽ വിത്തിട്ടാൽ മുച്ചൂട്റ്റുഡിലും
ഉടമയുടെ ദൃഷ്ടി ഒന്നാന്തരം വളം

# ഒരു കുരുന്നിൻറെ സംശയം

ദേവനന്ദ (VI)

അപ്പുവിൻറെ വീട്ടിൽ കൈ നോക്കുന്ന ആൾ വന്നു. അപ്പുവിന് അവരെക്കൊണ്ടു തൻറെ കൈ നോക്കിപ്പിക്കാൻ അതിയായ ആഗ്രഹം.പക്ഷേ അവൻറെ അച്ഛനും അമ്മയ്ക്കും ഇതിന് ഒട്ടും തൽപര്യം ഇല്ലായിരുന്നു.അവർ കൈ നോക്കാൻ വന്നയാളെ പറഞ്ഞുവിട്ടു. അപ്പോഴാണ് അപ്പു അത് ശ്രദ്ധിക്കുന്നത് ,അച്ചൻറെ വാചകം ഇതുപോലുള്ള എത്ര പൊയ്മുഖങ്ങളാണ് നമ്മളെ പറ്റിക്കാനായി നടക്കുന്നത് .അപ്പോൾ അപ്പുവിന് ഒരു സംശയം ഈ പൊയ്മുഖങ്ങൾ എന്നാൽ എന്താണ്. ഇത് കേട്ട അച്ഛന് തോന്നി തൻറെ മകൻ കുഞ്ഞ് ആണെങ്കിലും അവൻറെ സംശയത്തിന് വില കൽപ്പിക്കണം .അല്ലെങ്കിൽ പിന്നീട് ഒരിക്കലെങ്കിലും അവൻ കാപട്യത്തിൽ അകപ്പെട്ടാൽ അത് അവന് താങ്ങാൻ ആവില്ല

അച്ഛൻ അവൻറെ സംശയത്തിനു മറുപടി കൊടുക്കാൻ തുടങ്ങി. മോനേ അപ്പു നീ കാപട്യം എന്ന് കേട്ടിട്ടുണ്ടോ? മോനേ അത് മനുഷ്യൻറെ തെറ്റായ ഒരു പ്രവർത്തി ആണ്. പണത്തിനുവേണ്ടി എന്ത് വേഷവും കെട്ടി സാധാരണക്കാരനെ പറ്റിക്കുകയും അവരുടെ പണം ഇല്ലാതാക്കുകയും ചെയുന്നു. ഇതോന്നും അറിയാത്ത ഇവർ പിന്നെയും പിന്നെയും ഇവരുടെ ഈ കള്ളത്തരത്തിൽ ചെന്ന് വീഴുന്നു. അച്ഛാ! ഇതോന്നും സംഭാവിക്കാതെ സ്വന്തം കാര്യം ശ്രദ്ധിച്ചാൽ അവർക്ക് ഈ കള്ളങ്ങളിൽ നിന്നും മോചനം നേടിക്കൂടെ. അച്ഛൻ മറുപടി പറഞ്ഞു. പക്ഷേ മനുഷ്യൻ ഇതിനൊന്നും തയാറാകുന്നില്ല. അവർ ഇതിൽ വളരെ വിശ്വസം കൽപ്പികുന്നുണ്ട് അച്ഛാ അപ്പോൾ നേരത്തെ ഇവിടെ വന്ന സ്ത്രീ നമ്മളെ പറ്റിക്കാൻ വന്നതാണോ? ആയിരിക്കാം എന്ന് മറുപടി നൽകി.

എന്നാൽ എല്ലാവരും ഇതുപോലെ കാപട്യം നിറഞ്ഞവരായിരിക്കില്ല. നന്മ നിറഞ്ഞവരും ഉണ്ട്. അപ്പുവിൻറെ അടുത്ത സംശയം അച്ഛാ അതെങ്ങനെ നമ്മൾ തിരിച്ചറിയും. പക്ഷേ അച്ഛൻറെ മറുപടി അപ്പുവിനു തൃപ്തികരമായിരുന്നില്ല. അതിനു വളരെ ബുദ്ധിമുട്ടാണ് എന്നായിരുന്നു അച്ഛൻറെ മറുപടി.

മനുഷ്യർ തന്നെ പലവിധത്തിൽ ഉണ്ട് .നല്ലവരും മോശം ആൾക്കാരും. ചില സമയങ്ങളിൽ മനുഷ്യൻ മനുഷ്യനു തന്നെ അപകടകാരികൾ ആയിരിക്കും. ഈ ലോകത്തുണ്ടാകുന്ന വെട്ടിനും കുത്തിനും എന്തിനു മരണത്തിനു വരെ കാരണമാകുന്നത് മനുഷ്യൻറെ ദുഷ്ടചിന്തകളാണ്. എനിക്ക് നിന്നോട് പറയുവാൻ ഉള്ളത് നീ വലുതാകുമ്പോൾ നീ ഒരിക്കലും നിൻറെ ഭാവിയെപറ്റിയൊക്കെ അറിയാൻ സ്വാമിമാരുടെ അടുക്കലൊന്നും ചെല്ലരുത്. അവർ നിൻറെ പണത്തിനെ അടിസ്ഥാനമാക്കിയായിരികും ഭാവി പറയുക അച്ഛൻ പറയുന്നത് കേൾക്കുന്ന അപ്പുവിനു പൂർണമായി എല്ലാം മനസ്സിലാക്കുവാൻ സാധിക്കുന്നില്ലന്നറിഞ്ഞ അച്ഛൻ അവനെയും കൂട്ടി പുറത്തേക്കുപോയി. സത്യം നേരിട്ട് കണ്ട് ബോധ്യപ്പെടുവാൻ.

അവിടെ കണ്ട കാഴ്ച വളരെ വ്യത്യസ്തമായിരുന്നു. അവിടെ കുറേപ്പേർ ചേർന്ന് ഒരു പാവം മനുഷ്യനെ പരസ്യമായി ഉപദ്രവിക്കുന്നു.കണ്ടുനിൽക്കുന്നവർ ഒരുവിധത്തിലും പ്രതികരിക്കുന്നില്ല. ചിലർ ഫോണിൽ പകർത്തുകയും ചെയ്യുന്നു .ഇതാണ് ഞാൻ പറഞ്ഞ ഒന്നു.അച്ഛൻ പറഞ്ഞു.

മറ്റൊരിടത്ത് ചെന്നപ്പോൾ ഒരാൾ വളരെ ദുഖത്തോടെ ഇരിക്കുന്നു .TV യിലെ പരസ്യം കണ്ടു വീട്ടിൽ പണം വരാനായ് ഒരു മാസം ഒരു ചട്ടി എന്ന കണക്കിനു വാങ്ങി.പണം പോകുന്നതല്ലാതെ ഒന്നും

വന്നില്ല.ഈ കാപട്യം മനസ്സിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല

അച്ഛനും അപ്പുവും കൂടി വീട്ടിലേക്ക് മടങ്ങി. വഴിയിൽ കണ്ട കാഴ്ചകളെപറ്റി അവൻ അമ്മയോട് പറഞ്ഞു.ഇനിയൊരിക്കലും ഞാൻ വലുതാകുമ്പോൾ കാപട്യത്തിൽ വീഴാതെ നോക്കും.അപ്പു വളർന്നപ്പോൾ ഒരു നല്ല മനുഷ്യനായി വളർന്നു.അവൻറെ അച്ഛനും അമ്മയും വളരെയധികം അഭിമാനിച്ചു.

.

# COMMON ERRORS IN ENGLISH

**Muhammad Bilal(IX.D)**

| INCORRECT | CORRECT |
|---|---|
| He is taller than her | He is taller than she is |
| Rani is more beautiful of the two | Rani is the more beautiful of the two |
| He arrived much yearly | He arrived very yearly |
| Let him to write | Let him write |
| Not only he wrote poems ,but also stories | He wrote not only poems ,but also stories |
| He loves me as if I am his own brother | He loves me as if I were his own brither |
| Are not they your relatives ? | Are they not your relatives ? |
| The sun is stationery | The sun is stationary |
| Drinking is a bad custom | Drinking is a bad habit |
| He is a virtual man | He is a virtuous man |
| She is my oldest sister | She is my eldest sister |
| There is little milk in the cup | There is a little milk in the cup |
| He is an European by birth | He is a European by birth |
| She is a honest lady | She is an honest lady |
| Lion is king of jungle | Lion is the king of jungle |
| He entered in to the room | He entered the room |
| We will meet on tomorrow | We will meet tomorrow |
| He loves me as if I am his own brother | He loves me as if I were his own brother |

# CONFUSING WORDS

AVANTHI.R(lX.D)



| | |
|---|---|
| ADAPT | പൊരുത്തപ്പെടുക |
| ADOPT | ദത്തെടുക്കുക |
| ABJECT | നീചം |
| OBJECT | വസ്തു |
| ADVICE | ഉപദേശം |
| ADVISE | ഉപദേശിക്കുക |
| ALINE | വരിയായി നിർത്തുക |
| ALIEN | വിദേശീയം |
| ALIGHT | ഇറങ്ങുക |
| ELITE | വിശിഷ്ട ജനത |
| ALMS | ഭിക്ഷ |
| ARMS | കൈകൾ |
| ALTAR | അൾത്താര |
| ALTER | മാറ്റുക |
| AMBLE | മന്ദഗമനം |
| AMPLE | യഥേഷ്ടം |
| ANGLE | കോൺ |
| ANKLE | കണങ്കാൽ |

# സംഖ്യകളുടെ പിരമിഡ്

വിനായക് ജി അനിൽ



**1**

**1 2 1**

**1 2 3 2 1**

**1 2 3 4 3 2 1**

**1 2 3 4 5 4 3 2 1**

**1 2 3 4 5 6 5 4 3 2 1**

**1 2 3 4 5 6 7 6 5 4 3 2 1**

**1 2 3 4 5 6 7 8 7 6 5 4 3 2 1**

**നോക്കൂ എന്തൊരു സൗന്ദര്യം? ഏത് സംഖ്യകളുടെ ഗുണനഫലമാണ് ഇത് ?**

## സംഖ്യകളുടെ പിരമിഡ്

**ഉത്തരം**

**1*1**
**11*11**
**111*111**
**1111*1111**
**11111*11111**
**111111*111111**
**1111111*1111111**
**11111111*1111111**

# Ramanujan

Haris.H



Mathematician Ramanujan didn't have any close friends someone asked him reason . He replied that although he wanted to have close friends nobody was up to his expectation . When pressed how he expected his friend to be he replied – like numbers 220 and 284!

The person got confused and asked what is the connection between friendship and these numbers!

Ramanujan asked him to find the divisor of each number ! With much difficulty – the person derived and listed them

220=
1,2,4,10,11,20,22,44,55,110,220
284= 1,2,4,71,142,284

Ramanujan then asked the person to exclude the numbers 220 and 284 and asked the sum of the remaining divisors . The person was astonished to find :

220 =
1+2+4+5+10+11+20+2+44+55+110 = 284
284 = 1+2+4+71+142 = 220

Ramanujan explained that an ideal friendship should be like these numbers- to complement each other- even when one is absent – the other should represent the friend!

The person thought – no wonder this genius is on the world's top list of mathematicians!!





Megha(lX)






ANANDHU O





# ധ്വനി 2019

ANANDHU KRISHNAN

# നന്ദി